കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൈപ്പമംഗലം ഗ്രാമപഞ്ചായത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1390/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020

ഫോൺ: 0487 – 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in

തീയതി: 09.11.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-4, 3-12 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം കെ എസ് എ.ടി.എസ്.ആർ.(പി3)1390/2018 തിയ്യതി 09.11.2018

## തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.10.2017 മുതൽ 31.3.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.3.2018 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സുധ ദാസ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.7.2018 മുതൽ 27.7.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ശിവൻ. പി.എ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി. ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ സിനിലാൽ എം.ജി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സോന കെ സത്യൻ, ഓഡിറ്റർ |
| | ശ്രീമതി. നിജു. സി.എസ്, |

| | |
|---|---|
| | ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ടി.വി.സുരേഷ്ബാബു. | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ജയന്തി വി എസ് | 01.04.17 മുതൽ 23.4.17വരെ 30.04.17 മുതൽ 09.5.17വരെ |
| | കുമാരി എം പി (സെക്രട്ടറി ഇൻ ചാർജ്ജ്) | 24.04.17 മുതൽ 29.4.17വരെ 10.5.17മുതൽ 01.8.17വരെ 17.2.18മുതൽ 02.3.18വരെ |
| | മുഹമ്മദ് റഫീക്ക് | 2.8.17മുതൽ 16.02.18 വരെ 03.3.18മുതൽ 31.3.18വരെ |
| നിർവ്വഹണോദ്യോഗസ്ഥർ | | |
| കൃഷി ഓഫീസർ | അനിലാ മാത്യു | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സമീറ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.വിധു ഗംഗാധരൻ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഹസീന | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സിന്ധു എ എൽ | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിൽവൻ | 01.04.17 മുതൽ 31.03.18 വരെ |
| പ്രധാനാധ്യാപിക (ജി.എഫ്.എൽ.പി എസ്., | ബീന ഭായ് | 01.04.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| കൈപ്പമംഗലം) | | |
| വി.ഇ.ഒ., കുരിക്കുഴി | സനിത എ ആർ | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ.,ചളിങ്ങാട്. | സുമേഷ് | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ.,കൈപമംഗലം. | ബാബു | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കുമാരി എം പി | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗീത. വി.എൻ | 01.04.17 മുതൽ 31.03.18 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ജീന | 01.04.17 മുതൽ 31.03.18 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | ഗ്രാമപഞ്ചായത്തിന്റെ | 2-1 |

| | | |
|---|---|---|
| | പൊതുഭരണ സംവിധാനം | |
| 14 | ഗ്രാമപഞ്ചായത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം- ഒരു അവലോകനം | 2-2 |
| 15 | നികുതി വരുമാനം | 2-3 |
| 16 | സാംഖ്യ സഞ്ചയ സംയോജനം - അവലോകനം | 2-4 |
| 17 | ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തൊഴിൽനികുതി തിരിച്ചടവാക്കിയത് | 2-5 |
| 18 | നികുതിയേതര വരുമാനം | 2-6 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല; D& O ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ D&O പരിധിയിൽ കൊണ്ടു വരുന്നതിനു നടപടി സ്വീകരിച്ചതായി കാണുന്നില്ല | 2-7 |
| 20 | സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ തന്നെ ലൈസൻസ് ഫീ അടവാക്കി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-8 |
| 21 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 2-9 |
| 22 | G1 കാറ്റഗറിയിലുള്ള കെട്ടിടം പ്ലാൻ പ്ലിന്ത് ഏരിയക്കുള്ള ഫയർ NOC ലഭ്യമാക്കാതെ ക്രമവൽക്കരിച്ചു | 2-10 |
| 23 | ഫണ്ട് വിനിയോഗം- കഴിഞ്ഞ അഞ്ചു വർഷങ്ങൾ | 2-11 |
| | ഭാഗം – 3 | |
| 24 | വികസന സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം | 3-1 |
| 25 | കൃഷി | 3-2 |
| 26 | മൃഗസംരക്ഷണം | 3-3 |

| | | |
|---|---|---|
| 27 | വെറ്ററിനറി സർജൻ നടപ്പാക്കിയ മൃഗാശുപത്രി മരുന്ന് വാങ്ങൽ പദ്ധതി 183/18 | 3-4 |
| 28 | മത്സ്യബന്ധനം | 3-5 |
| 29 | ഊർജ്ജം | 3-6 |
| 30 | പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പവർപ്ലാന്റ് സ്ഥാപിക്കൽ | 3-7 |
| 31 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുമരാമത്ത്/ഊർജ്ജം മേഖലകളിൽ നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരമില്ല. | 3-8 |
| 32 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അവലോകനം | 3-9 |
| 33 | അംഗീകൃത കരാറുകാരൻ പിൻമാറിയതുമൂലം അധികചെലവ് | 3-10 |
| 34 | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - പിഴ ഈടാക്കിയത് സംബന്ധിച്ച് | 3-11 |
| 35 | റോഡ് റീടാറിംഗ് നടത്തിയത് തകരാറിലായി | 3-12 |
| 36 | ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കുളം നിർമ്മാണ പ്രവൃത്തി - തൊഴിലുറപ്പ് പദ്ധതിയിലൂടെ | 3-13 |
| 37 | ക്ഷേമകാര്യ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - പൊതു അപാകതകൾ | 3-14 |
| 38 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 3-15 |
| 39 | ദാരിദ്ര്യലഘൂകരണം | 3-16 |

| | | |
|---|---|---|
| 40 | വി.ഇ.ഒ ചെളിങ്ങാട് നടപ്പിലാക്കിയ പദ്ധതികൾ | 3-17 |
| 41 | വി.ഇ.ഒ കുരിക്കുഴി നടപ്പിലാക്കിയ പദ്ധതികൾ | 3-18 |
| 42 | വി.ഇ.ഒ കൈപമംഗലം നടപ്പിലാക്കിയ പദ്ധതികൾ | 3-19 |
| 43 | സാമൂഹ്യനീതി | 3-20 |
| 44 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ | 3-21 |
| 45 | പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനമില്ലാതെ പർച്ചേസ് നടത്തി | 3-22 |
| 46 | ടെണ്ടർ ക്ഷണിച്ചതിലെ അപാകത – ഗ്രാമപഞ്ചായത്തിന് നഷ്ടം | 3-23 |
| 47 | വർക്കിംഗ് ഗ്രൂപ്പ് – വനിതാ വികസനം | 3-24 |
| 48 | പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 3-25 |
| 49 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ | 3-26 |
| 50 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 3-27 |
| 51 | ആരോഗ്യം | 3-28 |
| 52 | മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പാക്കിയ പ്രോജക്ടുകൾ അപാകതകൾ | 3-29 |
| 53 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ചെലവ് തുക 114834 രൂപ തടസ്സപ്പെടുത്തുന്നു. | 3-30 |
| 54 | പാലിയേറ്റീവ് കെയർ പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക 370000 രൂപ തടസ്സപ്പെടുത്തുന്നു. KMSCL ൽ നിന്നും മരുന്നുകൾ | 3-31 |

| | | |
|---|---|---|
| | ലഭിച്ചിട്ടില്ല. | |
| 55 | മഴക്കാല പൂർവ്വശുചീകരണം – തുക വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. | 3-32 |
| 56 | കുടിവെള്ളം – മാലിന്യ സംസ്കരണം | 3-33 |
| 57 | അധിക ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നു. | 3-34 |
| 58 | കുടിവെള്ള കണക്ഷൻ – പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-35 |
| 59 | ഗാർഹിക മാലിന്യ സംസ്കരണത്തിനായി ബക്കറ്റ് കംപോസ്റ്റ് യൂണിറ്റ് വിതരണം – പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-36 |
| 60 | വിദ്യാഭ്യാസം, കല, സംസ്കാരം | 3-37 |
| | ഭാഗം – 4 | |
| 61 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 62 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 63 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 64 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 65 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 66 | ഓഡിറ്റ് റിക്കവറി | 4-6 |
| 67 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 68 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 69 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 70 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 71 | അനുബന്ധം – 1 | |
| 72 | അനുബന്ധം –2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28/03/2017 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 25.5.2018 | 26.5.2018 | 12.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018 | 27.6.2018,28.6.2018 | കെ.എസ്.എ.ടി.എസ്.ആർ(ഇ3)1150/18(37) തീയതി 11.07.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13538283*(ആന്വൽ റിപ്പോർട്ടിൽ 7952184.00 ) |
| വരവ് | 69980749(ആന്വൽ റിപ്പോർട്ടിൽ 174157800.00) |
| ആകെ | 83519032 (ആന്വൽ റിപ്പോർട്ടിൽ 182109984) |
| ചെലവ് | 79440523(ആന്വൽ റിപ്പോർട്ടിൽ 175465150) |
| നീക്കിയിരിപ്പ് | 4078509 (ആന്വൽ റിപ്പോർട്ടിൽ 6644834.00) |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16343000 | 16343000 | 14026148 | 2316852 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7615347 | 7615347 | 6459687 | 1155660 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10919000 | 10919000 | 9040508 | 1878492 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3662000 | 3662000 | 3354433 | 307567 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7675398 | 7675398 | 5870608 | 1804790 |
| കെ.എൽ.എസ്.ജി.ഡി.പി-കേന്ദ്രം (ACR പ്രകാരം) | | 0 | 2280208 | 2280208 | 2228403 | 51805 |
| കെ.എൽ.എസ്.ജി.ഡി.പി -സംസ്ഥാനം (ACR പ്രകാരം) | | | 1018642 | 1018642 | 968480 | 50162 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 1000 | 1000 | 0 | 1000 |
| ഭവനനിധി | | 0 | 52624 | 52624 | 0 | 52624 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14100000 | 14100000 | 14100000 | 0 |
| | മെറ്റിരീയൽ കോസ്റ്റ് | 0 | 1432000 | 1432000 | 1432000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1618 | 925330 | 926948 | 913000 | 13948 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അംഗൻവാടി-പോഷകാഹാരം,കളിപ്പാട്ടം) | | 1266492 | 1116494 | 2382986 | 1522371 | 860615 |
| കേരളോത്സവം | | 0 | 55000.00 | 55000.00 | 55000.00 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 138461 | 1615000 | 1753461 | 1615000* | 138461* |
| | ജില്ലാ പഞ്ചായത്ത് | 236737 | 250000 | 486737 | 486737* | 0* |
| ബി ഫണ്ട് | | 0 | 508000 | 508000 | 508000 | 0 |
| എസ്.ബി.ഐ ഇ-പേയ്മെന്റ് കറന്റ് | | 0 | 314518 | 314518 | 720 | 313798 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2164041 | 13186566 | 15350607 | 12256310 | 3094297 |
| | ട്രഷറി അക്കൗണ്ട് | 10490892 | 14047802 | 24538694 | 23404687 | 1134007 |
| മറ്റിനം – ടി.ഡി.സി ബാങ്ക് | | 253377 | 0 | 253377 | 253377 | 0 |
| വി.പി.എഫ് എ 3(6) | | 12253 | 0 | 12253 | 12253 | 0 |
| കനറാ ബാങ്ക് – പ്ലാൻ | | 179763 | 0 | 179763 | 179763 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 83954371 | 103 | 48593809 | 66 | 18 | 55.08 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1618 | 925330 | 926948 | 913000 | 13948 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14100000 | 14100000 | 14100000 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 1432000 | 1432000 | 1432000 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം/DBT ട്രാൻസാക്ഷൻ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58800.00 | |
| കർഷകതൊഴിലാളി പെൻഷൻ | 3325900.00 | 1181 |
| വിധവാപെൻഷൻ | 17329900.00 | 5479 |
| വാർദ്ധക്യകാലപെൻഷൻ | 26214700.00 | 7465 |
| വികലാംഗപെൻഷൻ | 4469900.00 | 1447 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 476100.00 | 165 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 450000.00 | 15 പേർക്ക് |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.7.2018 3.45 P.M ന് സ്ഥാപന അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30343/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ പരിപാലനം -അപാകതകൾ

തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ലോഗ്ബുക്കിൽ യാത്രാ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വാഹനപരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ 30.6.07 പ്രകാരം ലോഗ്ബുക്ക് പരിപാലിച്ചിട്ടില്ല. ഇന്ധന വാങ്ങൽ,മൈലേജ് പ്രകാരമുള്ള ഉപഭോഗം,മെയിന്റനൻസ് എന്നീ വിവരങ്ങൾ, മാസ സംക്ഷിപ്തം എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല
ഓഡിറ്റ് ചാർജ്ജ് ,സർചാർജ്ജ് ,സമാഹൃത റിപ്പോർട്ടുകളുടെ വിവരം സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ (ആസ്തിരജിസ്റ്റർ, തൊഴിൽ നികുതി സ്ഥാപനരജിസ്റ്റർ എന്നിവയൊഴികെ) ചിട്ടയായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഓരോ ഉദ്യോഗസ്ഥരും ചെയ്യേണ്ട ജോലികൾ സംബന്ധിച്ച് യഥാവിധി, കാര്യാലയ ഉത്തരവുകളിറക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തടസ്സമില്ലാത്തവിധം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജോലിവിഭജനം കൃത്യമായി നിർണയിച്ചുകൊടുത്തിട്ടുള്ള സ്ഥാപനത്തിൽ ഇപ്പോൾ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. വിവരാവകാശനിയമപ്രകാരമുള്ള തപാലുകൾക്കെല്ലാം സ്ഥാപനത്തിൽനിന്നും സമയബന്ധിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ, തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ, ചാർജ് സർചാർജ് നടപടികളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ, സമാഹൃതഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം രേഖപ്പടുത്തുന്ന രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തത് അപാകതയായി നിലനിൽക്കുന്നു.

അപാകതകൾക്ക് കുറ്റമറ്റ രീതിയിലുള്ള പരിഹാരമുണ്ടായാൽ ആയത് സ്ഥാപനത്തിന് നല്ല മുതൽക്കൂട്ടായിരിക്കുന്നതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/6/2018 | 5/2018 | 5/7/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2007 | ലഭ്യമല്ല | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വാർഷിക കണക്ക് I-18 പട്ടിക പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 8,74,228/- രൂപയും

നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 6,48,518/- രൂപയും കൂടി ആകെ 15,22,746/- രൂപയുടെ വസ്തുനികുതി പ്രയർ പിരീഡ് ഐറ്റം ഇനത്തിൽ ഉൾപ്പെടുത്തി ക്രമീകരിച്ചതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. MGNREGA അക്കൗണ്ട് കാഷ്ബുക്ക് പ്രതിമാസ റീകൺസീലിയേഷൻ സമയബന്ധിതമായി നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് 3.8.2010 മുതൽ 2.2.2016 വരെ കാലയളവിൽ നൽകിയതായ 32 ചെക്കുകൾ (ആകെ മൂല്യം 19931) liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്. ഇതിൽ നിന്നും മൂന്ന് വർഷത്തിലധികമായിട്ടും പണമാക്കിമാറ്റാത്ത ചെക്കുകൾ പഞ്ചായത്തിന്റെ വരുമാനമായി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018 ലെ ബാക്കി |
|---|---|
| 280100101-Prior period income – Property tax on residential buildings | 874228 |
| 280100102-Prior period income-profession tax Instituitions/Traders | 360 |
| 280100104-Prior period income-Property tax on non residential buildings | 648518 |
| 280200101-Prior period income-rent from buildings | 55637 |
| 280200401-prior period income-other incomes | 162760 |
| 280800201-prior period -Administrative Expenses | 12253 |
| Total | 1753756 |

6. വാർഷിക കണക്ക് B-4 പട്ടിക പ്രകാരം literacy ഇനത്തിൽ 1,74,660/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. യഥാർത്ഥത്തിൽ തനതു ഫണ്ടിൽ നിന്നും മുൻ വർഷത്തിൽ ചെലവഴിച്ച തുക തിരികെ ലഭിച്ചതാണ് ടി തുകയെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ടി തുക തനതു

ഫണ്ടിലേക്ക് മാറ്റി നീക്കിയിരുപ്പ് ക്രമീകരിക്കേണ്ടതാണ്.

7. വാർഷികകണക്ക് I-17(a) പട്ടിക പ്രകാരം 42,42,475/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A മാതൃകയിലുള്ള കാഷ് ബുക്കിൽ പഞ്ചായത്തിൽ നിന്നുള്ള വരവുകൾ രേഖപെടുത്തുന്നില്ല. ഉദാ.ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ.

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

10. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

11. വസ്തു നികുതി റെസിഡൻഷ്യൽ, നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയിൽ സഞ്ചയ, സാംഖ്യ കണക്കുകൾ തമ്മിൽ വ്യത്യാസമില്ല. സഞ്ചയയിൽ നിന്നും ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയും കളക്ഷൻ സാംഖ്യയിൽ നിന്നും എടുത്ത് ഡിസിബി തയ്യാറാക്കുകയും ഡിമാന്റ്, ബാലൻസ് എന്നിവ സാംഖ്യയിൽ ഉൾപെടുത്തുകയും ചെയ്തതിനാലാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്. എന്നാൽ കളക്ഷൻ തുക തമ്മിൽ പൊരുത്തപെടുന്നില്ല. വ്യത്യാസം താഴെ ചേർക്കുന്നു.

| | റെസിഡൻഷ്യൽ+നോൺ റെസിഡൻഷ്യൽ | |
|---|---|---|
| | കുടിശ്ശിക | തന്നാണ്ട് |
| സഞ്ചയ പ്രകാരം | 2072958 | 4624398 |
| സാംഖ്യ പ്രകാരം | 2091621 | 4612422 |
| വ്യത്യാസം | -18663 | 11976 |
| സഞ്ചയയിൽ ക്രമീകരിച്ചത് | 0 | 284906 |
| ബാക്കി പിരിച്ചെടുക്കാനുള്ളത്. (സാംഖ്യ പ്രകാരം) | 208913 | 154937 |

നിലവിൽ സാംഖ്യയിൽ തയ്യാറാക്കിയ വാർഷിക കണക്ക പ്രകാരം ആകെ 3,63,850/- രൂപയാണ് വർഷാവസാനത്തിൽ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്നത്. അതേ സമയം കുടിശ്ശികയിനത്തിലും തന്നാണ്ടിലുമായി 2,84,906/- രൂപ സഞ്ചയ പ്രകാരം adjustment ഇനത്തിൽ തൻ വർഷത്തിൽ ക്രമീകരിച്ചതായി കാണുന്നു. എന്നാൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1/4/2017 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. എന്നാൽ “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ

1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തുനികുതിയുടെ 5% എന്ന നിരക്കിലല്ല ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

*മേൽകാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.*

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്തിന്റെ പൊതുഭരണ സംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം:

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടിരജിസ്റ്റർ, ഓഫീസ് ഉത്തരവ്, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എന്നിവ പരിശോധനാ വിധേയമാക്കി. ആയത് പരിശോധിച്ചതു പ്രകാരം ജനങ്ങൾക്ക് സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിനാകുന്നുണ്ട്.

സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിന് സഹായകമായ സോഫ്റ്റ് വെയർ സംവിധാനം ഗ്രാമപഞ്ചായത്തിലുണ്ട്. ഫ്രണ്ട് ഓഫീസിലെ അപേക്ഷകൾ സൂചിക സോഫ്റ്റ് വെയർ മുഖേനെയാണ്. ജനന മരണ സർട്ടിഫിക്കറ്റ് , വിവാഹസർട്ടിഫിക്കററ് ഇവ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ട്.(www.cr.isgkerala.gov.in),നികുതി ദായകർക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് (www.sanchaya.isgkerala.gov.in) ഓൺലൈനായി അറിയുന്നതിനും വസ്തുനികുതി ഇ-പേയ്മെന്റ് സിസ്റ്റം വഴി അടവാക്കാനും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം സാധിക്കുന്നുണ്ട്.

പെർമിറ്റ് അപേക്ഷകൾ സങ്കേതം സോഫ്റ്റ് വെയർ പ്രകാരമാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷകന് സ്വന്തം അപേക്ഷയുടെ നിജസ്ഥിതി അറിയുന്നതിന് ടച്ച് സ്ക്രീൻ സംവിധാനവും പഞ്ചായത്തിലുണ്ട്.

പൗരാവകാശരേഖ:

ഓരോ പഞ്ചായത്തും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി പൗരാവകാശ രേഖ എന്നപേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പൗരാവകാശ രേഖ വർഷത്തിലൊരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 272(എ)).

പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പുതിയ ഭരണസമിതി 1.11.2015 ൽ നിലവിൽ വന്നു. പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനം അവ ലഭ്യമാക്കുന്ന സമയപരിധി ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി അതിന്റെ നടപടിക്രമവും ഈടാക്കേണ്ട ഫീസും മറ്റ് വ്യവസ്ഥകളും നിശ്ചയിച്ച് കൊണ്ട് 1.04.2017 ന് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖയുടെ രത്നചുരുക്കം പൊതുജനങ്ങൾ കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതുണ്ടെങ്കിലും പ്രദർശിപ്പിച്ചിട്ടില്ല. ആയത് പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പൗരാവകാശ രേഖയിൽ പരാമർശിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടോയെന്നത് വിലയിരുത്തേണ്ടതും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതുമാണ്.

## 2-2 ഗ്രാമപഞ്ചായത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം- ഒരു അവലോകനം

നികുതി, അക്കൗണ്ട്, ഓഡിറ്റ്, ബജറ്റ് തയ്യാറാക്കൽ , പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ മറ്റു കമ്മിറ്റികൾക്ക് ചുമതലപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങൾ എന്നിവയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ. ഗ്രാമപഞ്ചായത്തിന്റെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഗ്രാമപഞ്ചായത്തിൽ എത്രത്തോളം സാധ്യമായി എന്നതിന്റെ വിശകലനം താഴെ ചേർക്കുന്നു.

2-2.1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണത്തിലും നടപടിക്രമത്തിലുമുണ്ടായ അലംഭാവം താഴെ ചേർക്കുന്നു.

ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുന്നില്ല

ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനുവരി 15 ന് മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് സെക്രട്ടറി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് എ1-1842/17 തി.6.03.17 നമ്പറായി കത്ത് നൽകിയത് ബജറ്റ് ഫയലിൽ കാണുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നടപടി ക്രമങ്ങളിൽ കാലതാമസം കാണുന്നു. ജനുവരി 15 ന് മുമ്പായി അവസാനിക്കേണ്ട നടപടിക്രമം ആരംഭിച്ചിരിക്കുന്നത് മാർച്ച് മാസത്തിലാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടൽ വിരളം

ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മിറ്റികൾ ചർച്ചചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15-ാം തിയതിക്കു മുമ്പേ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ( ആരോഗ്യം

വിദ്യാഭ്യാസം ഒഴികെ) പരിശോധിക്കപ്പെടുകയോ ചർച്ചചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. എന്നാൽ ബജറ്റ് രൂപീകരണത്തിൽ വിശദമായ ചർച്ചയോ നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ എസ്റ്റിമേറ്റുകളുടെ പരിശോധനയോ നടന്നിട്ടില്ല.

പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിലും അക്കൌണ്ടിങ്ങ് ചട്ടങ്ങളുടെ പരിപാലനത്തിലും കമ്മിറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖകളുടേയും രജിസ്റ്ററുകളുടേയും കൃത്യമായ സൂക്ഷിപ്പ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല

ബജറ്റ് രൂപീകരണം സമയക്രമം പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനു മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയിരിക്കുന്നത് 24.03.2017 നാണ്. കരട് ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 28.03.2017നാണ്.

ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല.തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

## 2-3 നികുതി വരുമാനം

നികുതി,നികുതിയേതര വരുമാനവർദ്ധനവുമായി ബന്ധപ്പെട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ തീരുമാനങ്ങളൊന്നുമില്ല. പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്വകാര്യ ക്ലിനിക്കുകളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്തു ഈടാക്കിയിട്ടില്ല. പഞ്ചായത്ത് വാടകക്ക് നല്കിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്ന് പഞ്ചായത്തിനു 1,54,026/- രൂപ വാടകയായി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളുടെ സ്ഥാപന/ട്രേഡേഴ്സ് തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല (കെ എസ് ഇ ബി ഒഴികെ).

## 2-4 സാംഖ്യ സഞ്ചയ സംയോജനം - അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ

ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു (സാംഖ്യ സഞ്ചയ തുകകളിലെ വ്യത്യാസം അക്കൗണ്ട്സ് അപാകതയായി ഖണ്ഡിക 1-12 ചേർത്തിട്ടുണ്ട്).

തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൌച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്യുന്നു.എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

പൊരുത്തക്കേടിന്റെ കാരണങ്ങൾ

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തുന്നതും സഞ്ചയസോഫ്റ്റ് വെയറിന്റെ പരിമിതികൾ കൊണ്ടും സാംഖ്യ സഞ്ചയ തുകകൾ പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണമായി.

കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴിവാക്കുമ്പോൾ സഞ്ചയയിൽ മുൻവർഷത്തെ ഡിമാന്റിൽ കൂടി മാറ്റം വന്നു. ഇത് മുൻവർഷങ്ങളിൽ ഓഡിറ്റ് അന്തിമമാക്കിയ വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല. 2013-14 ലെ വസ്തുനികുതി പരിഷ്കരണം നടത്തിയപ്പോൾ എല്ലാ ബിൽഡിങ്ങുകൾക്കും നികുതി വരികയും നികുതി ഉള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ് വരികയും ചെയ്തു. 2015-16 സാമ്പത്തിക വർഷം നികുതി കുറയ്ക്കുകയും 30$m^2$ ന് താഴെയുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.പിന്നീട് 60 $m^2$ ന് താഴെ വരുന്ന കെട്ടിടങ്ങളെ ഒഴിവാക്കുകയും മറ്റ് കെട്ടിടങ്ങളുടെ നികുതി കുറവ് ചെയ്യുകയുമുണ്ടായി. ഇത് അരിയർ ഡിമാന്റ് തുകയിൽ മാറ്റം വരുത്തി. 2013-14 സാമ്പത്തിക വർഷം നികുതി നിശ്ചയിച്ചപ്പോൾ വന്ന വർദ്ധനവും സർക്കാർ ഉത്തരവ് 144/15 /തസ്വഭവ, 358/15/തസ്വഭവ പ്രകാരം നികുതിയിൽ മാറ്റം വരുത്തിയതും വ്യത്യാസത്തിന് കാരണമായി.

കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയതും കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതും സാംഖ്യ സഞ്ചയ ഇൻഡഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംഖ്യയിൽ റസീപ്റ്റ് ചെയ്യുന്നത് യാന്ത്രികമായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടാതിരുന്ന സാഹചര്യവും സാംഖ്യയിൽ രസീതി ക്യാൻസൽ / പ്രിന്റ് ഫാൾട്ട് ആകുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി.ഇത്തരം അപാകതകൾ മാനുവലായി കണ്ടെത്തി പരിഹരിക്കപ്പെടാത്തതും നികുതി തുകയിലെ മാറ്റങ്ങൾക്ക് കാരണമായി. സോഫ്റ്റ്വെയറിന്റെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിന് ഇടക്കിടെ എക്സ്ട്രാ ടൂളുകൾ നൽകിവരുന്നു.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൗച്ചർ മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും ചെയ്യുന്നു. വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങിയ കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ് തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

## 2-5 ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തൊഴിൽനികുതി തിരിച്ചടവാക്കിയത്

തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ പഞ്ചായത്തിന 2017-18ൽ തനതുവരുമാനത്തിൽ 1620/-രൂപയും കുറവ് ഈടാക്കിയതിനാൽ 1200/-രൂപയും നഷ്ടം സംഭവിച്ചത് ഓഡിറ്റ് എൻക്വയറി 20/25.7.2018 നൽകിയതിനെ തുടർന്ന് തിരിച്ചടവാക്കി. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പഞ്ചായത്തിനു കീഴിൽ ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യുവരും, പഞ്ചായത്തിൽ നിന്നും ശമ്പളം കൈപറ്റിയവരുമായ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരിൽ നിന്നും 2017-18 ൽ തൊഴിൽനികുതി ഡിമാന്റ് ചെയ്യാതെയും ഡിമാന്റ് ചെയ്തതിൽ കുറവ് ഈടാക്കിയതുമായുള്ള വിവരങ്ങൾ അറ്റൻൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് ഈ വ്യക്തികളുടെ അർദ്ധവാർഷിക വരുമാനം കണക്കാക്കിയതു പ്രകാരം ഓഡിറ്റ് എൻക്വയറിയായി നൽകിയതിനെ തുടർന്ന് 27.7.18, 31.7.18 തിയതികളിലായി തുക സാംഖ്യയിൽ അടവാക്കിയ വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | പേര്, തസ്തിക | ഒന്നാം അർദ്ധ വർഷ വരുമാനം | രണ്ടാം അർദ്ധ വർഷ വരുമാനം | ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതി | രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി | ആകെ നികുതി അടവാക്കേണ്ടത് |
|---|---|---|---|---|---|---|
| 1 | അബീന (Data Entry Operator cum clerk) | 33370 | 45440 | 300/- (ഡിമാന്റ് ചെയ്തിട്ടില്ല) | 450/- (ഡിമാന്റ് ചെയ്തിട്ടില്ല) | 750/- |
| 2 | ശരത് ലാൽ (വാച്ച്മാൻ) | 36400 | 12000 | 300/- (ഡിമാന്റ് ചെയ്തിട്ടില്ല) | 120/- (ഡിമാന്റ് ചെയ്തിട്ടില്ല) | 420/- |
| 3 | ജിനി പി വി (ടെക്നിക്കൽ അസിസ്റ്റന്റ്) | 52185 | 98490 | 450/- (ഡിമാന്റ് ചെയ്തിട്ടില്ല) | 750/- (അടവാക്കി) | 450/- |
| 4 | സജിലി (ഓവർസീയർ) | 120000 | 129250 (120000+9250 (EL Surrender)) | 1000 (അടവാക്കി) | 1000/- (അടവാക്കി) 1250/ആയിരുന്നു അടവാക്കേണ്ടിയിരുന്നത് | 250/- |
| | | | | | ആകെ | 1870/- |

മറ്റു സ്ഥാപന ജീവനക്കാരുടെ റിട്ടേണുകൾ പരിശോധിച്ചതിൽ കുറവ് ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | പേര്, തസ്തിക | ഒന്നാം അർദ്ധ വർഷ വരുമാനം | രണ്ടാം അർദ്ധ വർഷ വരുമാനം | ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതി | രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി | ആകെ കുറവ് വന്ന നികുതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | തസ്നി പി കെ (ലാബ് അസിസ്റ്റന്റ് , GFHSS,കൈപ്പമംഗലം) | 117450 (113450+4000 (ബോണസ്സ്) | 125300 | 1000/- (-അടവാക്കിയത് 750/-) | 1250/- (-അടവാക്കിയത് 1000/-) | 500/- |
| 2 | അരുൺ ടി ശശി (അസി.മാനേജർ, Maxvalue credits & Investments Ltd) | - | 90000 | - | 750/- (അടവാക്കിയത്-450/- ) | 300/- |
| 3 | സജിൻ കെ കെ (റിലേഷൻഷിപ്പ് ഓഫീസർ, Maxvalue credits & Investments Ltd) | - | 87000 | - | 750/- (അടവാക്കിയത്- 600/- ) | 150/- |
| | | | | | ആകെ | 950/- |

## 2-6 <u>നികുതിയേതര വരുമാനം</u>

ഡി ആന്റ് ഒ, വാടക, ലേലം എന്നീ പ്രധാന ഇനങ്ങളിലായി 111250/- രൂപ, 308942/- രൂപ, 185000/- രൂപ എന്നിങ്ങനെ വരവുണ്ട്. ഇതിൽ ലേലം, വാടക എന്നിവയ്ക്ക് ബൈലോ കരട് തയ്യാറാക്കിയെങ്കിലും (തീരുമാനം 6(1)/17.10.17) ഇതുവരെ കരട് ബൈലോ നോട്ടീസ് പ്രദർശിപ്പിച്ച് ആക്ഷേപങ്ങളും അഭിപ്രയങ്ങളും ശേഖരിക്കുകയുണ്ടായിട്ടില്ല. വരുമാന വർദ്ധനവിനായി ബൈലോ അംഗീകരിക്കുന്നതിനുള്ള നടപടികൾ സത്വരം പൂർത്തിയാക്കേണ്ടതുണ്ട്.

## 2-7 <u>ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല; D& O ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ D&O പരിധിയിൽ കൊണ്ടു വരുന്നതിനു നടപടി സ്വീകരിച്ചതായി കാണുന്നില്ല</u>

1) 2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് DCBരജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. D &Oഫയലുകൾ, DCBരജിസ്റ്റർ എന്നിവ പ്രകാരം 489 സ്ഥാപനങ്ങൾക്ക ലൈസൻസ് നൽകിയപ്പോൾ 386 സ്ഥാപനങ്ങൾമാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ വന്നിട്ടുള്ളത്.

2) സഞ്ചയ നോൺറസിഡൻഷ്യൽ, D&O രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 20 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളേയും ഡി&ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല. വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയ പ്രകാരവും വസ്തുനികുതി അടവാക്കുന്ന നോൺ റസിഡൻഷ്യൽ -വാണിജ്യകെട്ടിടങ്ങളുടെ സഞ്ചയപ്രകാരം ലഭ്യമാക്കിയ കണക്കപ്രകാരവും D& O ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ കണക്ക താഴെ ചേർക്കുന്നു.

| വാർഡ് | ട്രേഡേഴ്സ് ലിസ്റ്റ് | സഞ്ചയപ്രകാരം | വ്യത്യാസം( D& O |
|---|---|---|---|

| നം | തയ്യാറാക്കിയ പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണം | ലഭ്യമാക്കിയ വസ്തുനികുതി അടവാക്കിയ വാണിജ്യകെട്ടിടങ്ങളുടെ എണ്ണം | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഏകദേശ കണക്ക്) |
|---|---|---|---|
| I | 3 | 34 | 31 |
| II | 10 | 54 | 44 |
| III | 23 | 83 | 60 |
| IV | 43 | 255 | 212 |
| V | 11 | 78 | 67 |
| VI | 9 | 69 | 60 |
| VII | 47 | 186 | 139 |
| VIII | 13 | 99 | 86 |
| IX | 11 | 55 | 44 |
| X | 14 | 109 | 95 |
| XI | 53 | 385 | 332 |
| XII | 47 | 276 | 229 |
| XIII | 16 | 75 | 59 |
| XIV | 12 | 69 | 57 |
| XV | 8 | 61 | 53 |
| XVI | 6 | 20 | 14 |
| XVII | 32 | 158 | 126 |
| XVIII | 5 | 42 | 37 |
| XIX | 9 | 38 | 29 |
| XX | 14 | 103 | 89 |
| ആകെ | 386 | 2249 | 1863 |

1863 കെട്ടിടങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നികുതി അടക്കുന്നവയിൽ ഡി ആന്റ് ഒ പരിധിയിൽ പെടുത്താത്തതായി കാണുന്നു.

3) ഹെൽത്ത് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ കണ്ട അപാകതകൾക്ക് ഫൈൻ ഈടാക്കിയിട്ടുണ്ട്. എന്നിട്ടും ലൈസൻസ് എടുക്കാത്ത ചില സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| പേര് | സ്ഥാപനം/റിമാർക്ക്സ് | HI യുടെ രസീത് | ഒടുക്കിയ ഫൈൻ/തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | ബുക്ക്/രസീത് നം | |
| പി ബി കാർത്തികേയൻ, പുളിപ്പറമ്പിൽ വീട് | സ്ഥാപനപ്പേര് നൽകിയിട്ടില്ല. ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 16758/1 | 300/-, തി.2.5.17 |
| രാജേഷ് പി.എ, പനമ്പത്ത് വീട് | സ്ഥാപനപ്പേര് നൽകിയിട്ടില്ല. ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 16758/2 | 1500/-, തി.2.5.17 |
| ഉസ്മാൻ ഈച്ചാട്ടിൽ,എടപ്പാൾ | ഗാർഡിയൻ ഹോസ്പിറ്റൽ കാന്റീൻ/ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 16758/3 | 500/-, തി. 17.8.2017 |
| മുഹമ്മദാലി ടി.എ, തോട്ടുപറമ്പത്ത് വീട് | കോഫി ബ്രേക്ക് ഫാസ്റ്റ് ഫുഡ്/ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 16758/5 | 300/- തി. 20.12.2017 |

ടി സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല(ഓഡിറ്റ് എൻക്വയറി നം 17/24.7.18)

വാർഡ് തലത്തിൽ ഫീൽഡ് സന്ദർശനം നടത്തി ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8 സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ തന്നെ ലൈസൻസ് ഫീ അടവാക്കി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ നിന്ന് ഡി &ഒ ലൈസൻസിനായി പുതുതായി അപേക്ഷിക്കുന്ന/അപേക്ഷ പുതുക്കുന്ന ഹോട്ടൽ/റസ്റ്റോറന്റ്/ബേക്കറി/കൂൾബാർ സ്ഥാപനങ്ങൾ സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ തന്നെ ലൈസൻസ് ഫീ അടവാക്കി പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം ഉദാഹരണ സഹിതം താഴെ കൊടുക്കുന്നു.

| ക്രമ നം | പേരു വിവരം/D&O നം | സ്ഥാപനം/കെട്ടിട നം | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | കെ എം ഷമീർ,കറപ്പം വീട്ടിൽ/483 | ടാർഗറ്റ് സീറോ ഇവന്റ്സ് കാറ്ററിംഗ് VII/41 | സാനിട്ടറി സർട്ടിഫിക്കറ്റ് |
| 2 | രാകേഷ് പി.ജി, പൂതം പറമ്പിൽ/473 | മിത്തൂസ് ബേക്കറി & റസ്റ്റോറന്റ്/XV304 | സാനിട്ടറി സർട്ടിഫിക്കറ്റ് |
| 3 | അക്ബർ കെ.എ, കുഴികണ്ടത്തിൽ/53 | *പോപായ് ഹോട്ടൽ &ബേക്കറി/XIV95A* | സാനിട്ടറി സർട്ടിഫിക്കറ്റ്/വസ്തുനികുതി |

| | | | |
|---|---|---|---|
| | | | അടച്ച വിവരം ലഭ്യമല്ല |

ഡി & ഒ ലൈസൻസ് നൽകുമ്പോൾ മതിയായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ടവകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതും നിയന്ത്രണചട്ടങ്ങൾ/നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-9 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനങ്ങൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

| ക്രമ നം. | ലൈസൻസിയുടെ പേര് | സ്ഥാപനം | വാർഡ് നം |
|---|---|---|---|
| 1 | Dr.വിജ്ജല ദിലീപ്,കുനിയത്ത് വീട് | ആയുർവ്വേദ ക്ലിനിക് | IV/65B |
| 2 | Dr.സനൽ നസറുള്ള,നടുവിലകത്ത് വീട് | MEDLILY ക്ലിനിക് (ഹോമിയോ ക്ലിനിക്) | VI/62 |
| 3 | Dr.റസിയ സിദ്ദിക്ക്,വട്ടപ്പിള്ളി വീട് | ഹെൽത്ത് ക്ലിനിക് | XI/279 |

ഈ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, പാരമെഡിക്കൽ രജിസ്ട്രേഷൻ ചട്ട പ്രകാരം രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 G1 കാറ്റഗറിയിലുള്ള കെട്ടിടം പ്ലാൻ പ്ലിന്ത് ഏരിയക്കുള്ള ഫയർ NOC ലഭ്യമാക്കാതെ ക്രമവൽക്കരിച്ചു

പ്രദീപ്കുമാർ, മാനങ്ങത്ത് വീട്ടിൽ എന്നവ്യക്തിക്ക് G1 കാറ്റഗറിയിലുള്ള കാർ വാഷിങ്ങ് യൂണിറ്റ് നിർമ്മാണം റഗുലറൈസ് ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ റഗുലറൈസ് ചെയ്ത വിവരം, നികുതി അടച്ച വിവരം രജിസ്റ്ററിൽ എഴുതിയിട്ടില്ല. (കറന്റ് നം 3823/17 തീയതി 12.4.17-പെർമിറ്റിനുള്ള അപേക്ഷ, കറന്റ് നം 1943/18 തീയതി 12.3.18- ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ). പെർമിറ്റ് അപേക്ഷയിൽ 76.5$m^2$ പ്ലിന്ത് ഏരിയയും ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയിൽ 119.52$m^2$ പ്ലിന്ത് ഏരിയയും ആണ് സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ട് മെന്റിൽ നിന്നുള്ള 3.1.18ലെ G.6788/17 നം ഫയർ ആന്റ് സേഫ്റ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഫോർ സൈറ്റ് പ്രകാരവും 12.2.2018 ലെ G 541/18 നം സർട്ടിഫിക്കറ്റ് ഫോർ അപ്രൂവൽ പ്രകാരവും 76.5$m^2$ പ്ലിന്ത് ഏരിയക്കുമാത്രമാണ് അപ്രൂവൽ ഉള്ളത്. 43.02 $m^2$ പ്ലിന്ത് ഏരിയയിലുള്ള നിർമ്മാണത്തിനു NOC

ഇല്ല. അതിനാൽ 119.52 $m^2$ ഏരിയയിലുള്ള കെട്ടിട നിർമ്മാണം അംഗീകരിച്ച് റഗലറൈസ് ചെയ്യുന്നത് ചട്ട വിരുദ്ധമാണ്. 43.02 $m^2$ പ്ലിന്ത് ഏരിയയിലുള്ള അനധികൃത നിർമ്മാണത്തിനു എതിരെ നടപടി സ്വീകരിക്കേണ്ടതാണ്

## 2-11 ഫണ്ട് വിനിയോഗം-കഴിഞ്ഞ അഞ്ചു വർഷങ്ങൾ

സാമ്പത്തികവർഷമുൾപ്പെടെ കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ടിനം | വിനിയോഗ% 2013-14 | വിനിയോഗ% 2014-15 | വിനിയോഗ% 2015-16 | വിനിയോഗ% 2016-17 | വിനിയോഗ% 2017-18 |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-ജനറൽ | 68% | 67.5% | 88.4% | 70.13% | 85.82% |
| 2 | എസ്.സി.പി. | 69% | 50% | 65.89% | 87.19% | 84.82% |
| 3 | സംരക്ഷണ ഗ്രാന്റ്-റോഡ് | 99.9% | 98% | 100% | 4.3% | 82.80% |
| 4 | നോൺ റോഡ് | 99.9% | 69% | 100% | 78.19% | 91.60% |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 66% | 93% | 90.48% | 26.88% | 76.49% |
| 6 | ലോകബാങ്ക് -ധനസഹായം | 83.5% | 19% | 51.20% | 18.22% | 95% |

1.വികസനഫണ്ട് ജനറൽ, എസ്.സി.പി. എന്നിവ വിനിയോഗിച്ചതിൽ സാമ്പത്തികവർഷം രണ്ടാം സ്ഥാനത്താണ്.

2.സംരക്ഷണഗ്രാന്റ്-റോഡ് വിനിയോഗത്തിൽ കുറഞ്ഞ വിനിയോഗത്തിൽ രണ്ടാം സ്ഥാനത്താണ്.

3.റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗത്തിൽ മൂന്നാം സ്ഥാനത്തുനിൽക്കുന്നു.

4.ഫിനാൻസ് ഗ്രാന്റ് വിനിയോഗത്തിലും മൂന്നാം സ്ഥാനത്താണ്.

5.ലോകബാങ്ക് ഫണ്ട് വിനിയോഗത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസന സ്റ്റാന്റിംഗ് കമ്മറ്റി-അവലോകനം

തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭരണപരവും വികസനപരവും ക്ഷേമപരവുമായ കാര്യങ്ങൾ, കാര്യക്ഷമവും സുതാര്യവും കുറ്റമറ്റതും വേഗത്തിലുമാക്കുന്നതിന് സഹായിക്കുന്ന നിയമപരമായ സംവിധാനമാണ് സ്റ്റാൻറിംഗ് കമ്മിറ്റികൾ. പഞ്ചായത്തിന്റെ ഭരണപരിധിയിൽ വരുന്ന വിവിധമേഖലകളിലെ അനവധി പ്രശ്നങ്ങൾ മുഴുവനും ഭരണസമിതിയുടെ യോഗത്തിൽ ചർച്ച ചെയ്തു തീരുമാനിക്കുക എന്നത് പ്രായോഗികമല്ല. ഈയൊരു പശ്ചാത്തലത്തിലാണ് കേരള പഞ്ചായത്തിരാജ് നിയമത്തിലെ 162 -ാം വകുപ്പിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ വിഭാവനം ചെയ്തിരിക്കുന്നത്. 162 -ാം വകുപ്പ്

പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രൂപവൽക്കരിക്കേണ്ട 4 സ്റ്റാന്റിംഗ് കമ്മിറ്റികളിൽ (ധനകാര്യം, വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും)

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിൽ മുഖ്യപങ്ക വഹിക്കേണ്ടത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 162 എ(1) (എ)(ii) പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവും പ്ലാനിംഗ്, സ്പെഷ്യൽ പ്ലാനിംഗ്, കൃഷി മണ്ണുസംരക്ഷണം, സാമൂഹികവനവൽക്കരണം, ക്ഷീരവികസനം, ചെറുകിടജലസേചനം, പൊതുമരാമത്ത്, പാർപ്പിടസൗകര്യം, കെട്ടിടനിർമാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ വിഷയങ്ങളിൽ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയ ഇടപെടലുകൾ വിലയിരുത്തുന്നതിന് അടിസ്ഥാനരേഖയായ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയ മിനിറ്റ്സ്, കൃഷി,മൃഗസംരക്ഷണം,ഫിഷറീസ്,പൊതുമരാമത്ത് തുടങ്ങിയ മേഖലകളിൽ രൂപവൽക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ പരിശോധനാ വിധേയമാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വികസന ആസൂത്രണത്തിൽ നാമമാത്രമായ ഇടപെടൽ മാത്രമാണ് നടത്തിയിരിക്കുന്നത്. 13 -ാം പഞ്ചവത്സരപദ്ധതിയുടെ തുടക്കവർഷത്തെ പദ്ധതി(2017 -18) ആസൂത്രണത്തിൽ കാര്യക്ഷമമായ ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലില്ല. കഴിഞ്ഞ അഞ്ചുവർഷം പഞ്ചായത്ത് കൈവരിച്ച വികസനനേട്ടങ്ങൾ, പാളിച്ചകൾ, അടുത്ത പഞ്ചവൽസരപദ്ധതിക്കാലത്ത് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കണം തുടങ്ങിയവ പരാമർശവിഷയമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണനടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട ഇടപെടൽ കാര്യക്ഷമമായി നടത്തിയിട്ടില്ല. എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ടെങ്കിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ തരം തിരിച്ച് പദ്ധതി രൂപികരണം, നിർവ്വഹണം, മോണിറ്ററിംഗ് ഘട്ടങ്ങൾ ചർച്ച ചെയ്തതായി രേഖപ്പെടുത്തി കാണുന്നില്ല. ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകിയതായി കാണുന്നില്ല. വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.(29.03.2017 ലെ ജി.ഒ.(എം.എസ്) നം 72/2017 /തസ്വഭവ )യിലെ അനുബന്ധം 3.2 പ്രകാരമുള്ള ചുമതലകൾ വികസനസ്റ്റാന്റിംഗ് കമ്മിറ്റിക്ക് കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല.സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ് എന്ന വിഷയം വികസനസ്റ്റാന്റിംഗ് കമ്മിറ്റി സ്പർശിച്ചിട്ടേയില്ല. ഓരോ വിഷയമേഖലയിലും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ സാമൂഹികപശ്ചാത്തലം, സാമ്പത്തിക അവലോകനം എന്നിവ നടത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരമുള്ള അനിവാര്യ ചുമതലകളിൽ പ്രധാനമായ കെട്ടിട നിർമ്മാണം നിയന്ത്രിക്കുക, പൊതുസ്ഥലം കയ്യേറ്റം കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക തുടങ്ങിയ വിഷയങ്ങളിൽ യാതൊരു ചർച്ചയും നടന്നിട്ടില്ല. പ്രധാനപൊതുചുമതലയായ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച് കാലാനുസൃതമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

# 3-2 കൃഷി

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വരുന്ന കൃഷി, ചെറുകിട ജലസേചനം മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം,പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയ വിഷയങ്ങൾ പരിശോധനവിധേയമാക്കിയതിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

1 . കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 163 പ്രകാരം കൃഷി വർക്കിംഗ് ഗ്രൂപ്പ് പഞ്ചായത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. 2017-18 കാലയളവിൽ 5 തവണ യോഗം ചേർന്നു. വിവിധ പദ്ധതികൾക്കായുള്ള ശുപാർശകൾ മിനിറ്റ്സിൽ രേഖപ്പെടുത്തികാണുന്നു. എന്നാൽ ഓരോ പ്രോജക്ടിന്റേയും യുക്തി,ക്ഷമത,പ്രായോഗികത,നിയമസാധുത, വിജയസാധ്യത എന്നിവ കൃഷി വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്യിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ് ശുപാർശകളിൽ ഗ്രോ ബാഗിൽ പച്ചക്കറികൃഷി, ഇടവിളകൃഷി, തെങ്ങ് പുനരുദ്ധാരണം, പ്രാദേശികവിപണി എന്നിവ പദ്ധതികളായി രൂപപ്പെടുത്തി നിർവ്വഹണം നടത്തി.കീടരോഗ നിയന്ത്രണം, നിലവിലുള്ള ജലസ്രോതസുകളുടെ സംരക്ഷണം, മത്സ്യകൃഷി , കരനെല്ല്, കാർഷിക കർമ്മസേന രൂപീകരണം, തരിശു നിലനിർമാർജനം തുടങ്ങിയ ശുപാർശകൾ പദ്ധതികളായി രൂപപ്പെടുത്തിയിട്ടില്ല.

3. 2017 -18 വർഷത്തിൽ 9പദ്ധതികൾക്കാണ് ഡി പി സി അംഗീകാരം ലഭിച്ചത്. ആയതിൽ 2 എണ്ണം ( 120/18 ഔഷധസസ്യ വിതരണം, 121/18 തെങ്ങ് കൃഷിക്ക കീടരോഗ നിയന്ത്രണം) നടപ്പാക്കിയില്ല.മൊത്തം 6506999/- രൂപ വകയിരുത്തിയെങ്കിലും 2781972/-രൂപയാണ് ചെലവാക്കാനായത് (43%). സമഗ്രകാർഷിക വികസനം ജനറൽ, വനിത എന്നീ പദ്ധതികളിലായി 50 ലക്ഷം രൂപ വകയിരുത്തിയതിൽ 2141325/- രൂപയുടെ ചെലവുണ്ട് (43%). തെങ്ങിന് ജൈവവളം സബ്സിഡിയായി വിതരണം ചെയ്യുന്ന പ്രവർത്തനമാണ് നടത്തിയത്. ഉയർന്ന അടങ്കലിൽ പദ്ധതികൾ രൂപവൽക്കരിച്ചെങ്കിലും 50% പോലും ചെലവഴിക്കാൻ കഴിയാത്തതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

4. കൃഷിയുമായി ബന്ധപ്പെട്ട പ്രധാന മേഖലചുമതലയാണ് തരിശുഭൂമികളും , പ്രാന്തപ്രദേശങ്ങളും കൃഷിചെയ്യിപ്പിക്കുക എന്നത്. കൃഷി സ്റ്റാറ്റസ് റിപ്പോർട്ടനുസരിച്ച് 40 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമി പഞ്ചായത്തിലുണ്ട് . 2 ഹെക്ടർ കൃഷിയോഗ്യമായ നെൽവയലുകൾ ഉണ്ടെങ്കിലും കൃഷി നടത്തുന്നില്ല.

5. സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച് 60 സ്വകാര്യ കനാലുകൾ, 2 സർക്കാർ കനാലുകൾ , 6 പൊതുകുളങ്ങൾ, 3 വലിയ തോടുകൾ എന്നിവ പഞ്ചായത്തുപ്രദേശത്തുണ്ട്. കാലവർഷസമയത്ത് പഞ്ചായതതിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വെള്ളക്കെട്ടും, വേനൽക്കാലത്ത് വരൾച്ചയും അനുഭവപ്പെടുന്നുണ്ട്. കടലിലേക്ക് ചരിഞ്ഞു കിടക്കുന്ന ഭൂപ്രകൃതിയായതിനാൽ കുളങ്ങളും തോടുകളും കനാലുകളും പരസ്പരം ബന്ധപ്പെടുത്തി ജലനിർഗ്ഗമനമാർഗ്ഗങ്ങൾ കണ്ടെത്തി വൃത്തിയായി സൂക്ഷിക്കുന്നതിന്പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. തരിശുഭൂമികൾ കൃഷിചെയ്യുന്നതിലേക്ക് നിലവിലുള്ള ജലസ്രോതസുകൾ സംരക്ഷിച്ച് ജല സേചനസൗകര്യം സൃഷ്ടിക്കാവുന്നതാണ്.

6. തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നുവെങ്കിലും കാർഷിക മേഖലയിൽ കാതലായ മാറ്റം വരുത്തുവാൻ പര്യാപ്തമായിട്ടില്ല.

7. പദ്ധതി നിർവ്വഹണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ഫല പ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി ഫയലിനൊപ്പം മോണിറ്ററിംഗ് /കംപ്ലീഷൻ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

## 3-3 മൃഗസംരക്ഷണം

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

I. പ്രൊ.നം. 85/18 കന്നുകുട്ടി പരിപാലന പദ്ധതി

85/18 അടങ്കൽ തുക 700000
ചെലവ് 350000 (GP5/17-18 തീയതി 05.01.18)

181/18 കന്നുകുട്ടി പരിപാലനം(വനിത)

181/18അടങ്കൽ തുക – 625000
ചെലവ് – 156250 (GP3/17-18 തീയതി 05.01.18)

i. സ.ഉ (എം.എസ്) നമ്പർ /80 /17 തസ്വഭവ തിയതി 3.4.2017 പദ്ധതി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിച്ചോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ കുടുംബവാർഷിക വരുമാനം സംബന്ധിച്ച രേഖകൾ ഫയലിനോടൊപ്പമില്ല. മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ നിബന്ധനകൾ പാലിച്ചു എന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകൾ, സംഘം സെക്രട്ടറിയുടെ സ്റ്റോക്ക് വിതരണ രേഖകൾ ജില്ലാകോർഡിനേറ്ററുടെ സാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കേണ്ടതാണ്.

ii. തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തീറ്റ കൈപ്പറ്റാത്തതായി കാണുന്നു. ഓഡിറ്റ് തിയ്യതി വരെ 3/18, 4/18,5/18,6/18 നാലുമാസം വിതരണം നടന്നിട്ടുണ്ട്.

1. നബീസ മണാറവീട്ടിൽ 5/18 വിതരണം കൈപ്പറ്റിയിട്ടില്ല.

2. ഓമന സോമൻ മൂത്തേരി നാളിതുവരെ കൈപ്പറ്റിയിട്ടില്ല.

3. ശാന്ത ചിദംബരൻ തൈക്കാട്ട് 3/18, 4/18 മാസങ്ങളിലെ വിതരണം കൈപ്പറ്റിയിട്ടില്ല.

4. സിന്ധു രാജേന്ദ്രൻ ബാലപറമ്പിൽ 5/18, 6/18 മാസങ്ങളിലെ വിതരണം കൈപ്പറ്റിയിട്ടില്ല.

5. ഹസീന ബഷീർ പുഴങ്കരയില്ലത്ത് 6/18 മാസങ്ങളിലെ വിതരണം കൈപ്പറ്റിയിട്ടില്ല.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം വാങ്ങേണ്ടതും ചെലവഴിക്കാത്ത തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

അപാകതകളുടെ കാരണങ്ങളാൽ 506250/- രൂപ തടസ്സപ്പെടുത്തുന്നു.

II. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംങ് ഗ്രൂപ്പ് മിനിറ്റ്സ് രേഖപ്പെടുത്തൽ പൂർണമാക്കി കാലികമായി സൂക്ഷിച്ചിട്ടില്ല.

27/02/17, 02/05/17, 26/07/17, 29/12/17, 24/02/18, 14/03/18 തിയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും 7/17, 12/17 മാസങ്ങളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മൃഗാശുപത്രി കെട്ടിടം മാറ്റിസ്ഥാപിക്കൽ, ഇൻഷുറൻസ് പ്രീമിയത്തിന് തുക വകയിരുത്തൽ എന്നീ നിർദ്ദേശങ്ങൾ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി മാറണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല.

# 3-4 വെറ്ററിനറി സർജൻ നടപ്പാക്കിയ മൃഗാശുപത്രി മരുന്നു വാങ്ങൽ പദ്ധതി 183/18

അടങ്കൽ തുക 50000

ചെലവ് 50000

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ആദ്യ വാർഷിക പദ്ധതി (2017 -18 ) സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം. എസ്) നമ്പർ 80/2017 /തസ്വഭവ) തിയതി 3.4.2017 നിർദ്ദേശം 12.4 പ്രകാരം ഔഷധങ്ങൾ വാങ്ങുന്ന സംഗതിയിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാൻ പാടില്ല. ഈ നിർദ്ദേശം പാലിച്ചതായി ഫയലിൽ രേഖയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. മരുന്നു വാങ്ങുന്നതിനാവശ്യമായ തുക നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും നൽകാവുന്നതാണെന്ന നിർദ്ദേശം പരിഗണിച്ചിട്ടില്ല. പ്ലാൻ ഫണ്ടിൽ നിന്നുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

3. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 തസ്വഭവ 8.11.2010 ലെ നിർദ്ദേശമനുസരിച്ച് 25000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപ മതിപ്പു വില വരുന്ന വാങ്ങലുകളിൽ ലിമിറ്റഡ്. ടെണ്ടറിംഗ് രീതിയാണ് അവലംബിക്കേണ്ടത്. പകരം ലോക്കൽ ഷോപ്പിംഗാണ് (ക്വട്ടേഷൻ മുഖേന) നടത്തിയിരിക്കുന്നത്.

4. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ മരുന്നുവാങ്ങൽ വിഷയം പരിഗണനക്ക വന്നതായോ അംഗീകരിച്ചതിന്റെയോ രേഖയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 3-5 മത്സ്യബന്ധനം

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ (പദ്ധതി നം. 106/18) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

അടങ്കൽ തുക 600000

ചെലവ് 204000

ഗു.ഭോ.വിഹിതം 102000

1. 13 -ാം പഞ്ചവത്സര പദ്ധതി ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ - മാർഗ്ഗനിർദ്ദേശം [ജി.ഒ. (എം.എസ്) നം 72/17/തസ്വഭവ, തിയ്യതി 29.03.17] പ്രകാരം മത്സ്യസമ്പത്തിന്റെ സുസ്ഥിര പരിപോഷണവും പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ഉപജീവനവും നിലനിൽപ്പും ഉറപ്പുവരുത്തുകയായിരിക്കണം മത്സ്യമേഖലാ വികസനത്തിലെ മുഖ്യ പരിഗണന നൽകേണ്ടത്.

മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ താഴെ ചേർത്ത നിർദ്ദേശങ്ങൾ ഉൾപ്പെടുന്നു.

i. ഹരിതതീരം പദ്ധതി നടപ്പിലാക്കുക.

ii. കമ്പനിക്കടവ് ഫിഷ് -ലാന്റിംഗ് സെന്റർ തുറന്ന് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

iii. കമ്പനിക്കടവ് യൂട്ടിലിറ്റി സെന്ററിലേക്കുള്ള റോഡ് നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങളും

ഏർപ്പെടുത്തുക.

എന്നാൽ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികളാണ് (ഉദാ - വല, വിദ്യാർത്ഥികൾക്ക് മേശ,കസേര) ഗ്രാമസഭ പരിഗണനക്ക് എടുത്തത്. വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനിർദ്ദേശങ്ങൾ ഗ്രാമസഭ ചർച്ചചെയ്തിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലും വന്നിട്ടില്ല. 25/07/17 ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ കമ്പനിക്കടവിലെ ഫിഷ് ലാന്റിംഗ് സെന്റർ ശോചനീയാവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടു. സമീപം സ്ഥിതിചെയ്യുന്ന യൂട്ടിലിറ്റി സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

2. പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രധാന മുൻഗണനാ മാനദണ്ഡം മുമ്പ് ഇതേ ആനുകൂല്യം ലഭിക്കാത്തവർ ആയിരിക്കണം എന്നാണ്. മൂന്നുവർഷത്തിൽ ഒരിക്കൽ മാത്രമാണ് ഈ പദ്ധതി നിർവ്വഹിക്കേണ്ടത്. മേൽപറഞ്ഞ നിബന്ധന പാലിച്ചോ എന്നത് സംബന്ധിച്ച രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.
2015-16 ലെ പ്രൊജക്ട് നം.42/16 ൽ ഗു.ഭോ.വിഹിതം അടച്ച് വല കൈപ്പറ്റിയ ശ്രീ അംബുജൻ നെടിയിരിപ്പിൽ എന്ന വ്യക്തിക്ക് (ഗു.ഭോ .രജിസ്റ്റർ പേജ് 4 രസീത് നം 10/54087/17/09/15 ) 2017-18 പദ്ധതിയുടെ ഭാഗമായും വല നൽകിയിട്ടുണ്ട്.(ഗു.ഭോ.രജിസ്റ്റർ പേജ് 3 രസീത് നം. 30/16770/20/01/18) മാർഗ്ഗരേഖ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

3. വലയുടെ യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധിയായ 6000/- രൂപയ്ക്കാണ് വാങ്ങൽ നടത്തിയത്. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണമെന്ന നിബന്ധന പാലിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

4. 13 -ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദേശങ്ങൾ [ജി.ഒ(എം.എസ്)നം.72/17/തസ്വഭവ, തിയതി. 29.03.17] പ്രകാരം മത്സ്യവകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ഊരുകൂട്ടം മാതൃകയിൽ പരമ്പരാഗത മത്സ്യതൊഴിലാളികൾക്കായി മത്സ്യസഭകൾ സംഘടിപ്പിക്കേണ്ടതാണ്. കുറഞ്ഞത് 25 മത്സ്യതൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭകൾക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ച് ചേർക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കൈപ്പമംഗലം പഞ്ചായത്തിൽ മത്സ്യവകുപ്പിന്റെ മാനദണ്ഡപ്രകാരമുള്ള മത്സ്യഗ്രാമം ഉണ്ട്. എന്നാൽ മത്സ്യസഭ വിളിച്ചുചേർത്തിട്ടില്ല.

5. മത്സ്യബന്ധനമേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഫോറം 1.1 ൽ 1.1.2 മുതൽ 1.1.7 വരെ അടിസ്ഥാനവിവരങ്ങൾ ശേഖരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-6 ഊർജ്ജം

29.03.2017 ലെ ജി.ഒ(എം.എസ്) നം. 72/17/തസ്വഭവ, ഖണ്ഡിക 12 ൽ വിവിധ മേഖലകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങളിൽ വൈദ്യുതി എത്താത്ത എല്ലാ പ്രദേശങ്ങളിലേക്കും, വീടുകളിലേക്കും വൈദ്യുതി എത്തിക്കണമെന്നും വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്ന പ്രൊജക്ടുകൾ സംയുക്തമായും സമ്പൂർണ്ണ വൈദ്യുതീകരണ പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് തലത്തിലും ഏറ്റെടുക്കാവുന്നതാണെന്നും

പറയുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഊർജ്ജപദ്ധതികളുടെ ചെലവുവിശദാംശം ചുവടെ ചേർക്കുന്നു.

1. തെരുവുവിളക്കുകളുടെ മെയിൻറനൻസ് 143/18

തനതുഫണ്ട് അടങ്കൽ തുക 800000

ചെലവ് 692008

| ചെക്ക് നം./തീയതി | തുക |
|---|---|
| 11475/26.08.17 | 123820 |
| 11835/01.02.18 | 236380 |
| 11943/27.03.18 | 174168 |
| 29224/31.03.18 | 157640 |
| ആകെ | 692008 |

(എ) തെരുവുവിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വിവിധ സാധനസാമഗ്രികൾ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ടെണ്ടർ പരസ്യത്തിൽ വിതരണം ചെയ്യേണ്ട സാധനസാമഗ്രികൾ സ്പെസിഫൈ ചെയ്തിട്ടുള്ളത് 2 ഇനം മാത്രമാണ്. പങ്കെടുത്ത 3 സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ശ്രീ. എം.എം. അബ്ബാസ്, മാനേജർ, ഇലക്ട്രോമെറ്റ് ട്രേഡിംഗ്, ആലുവയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ പ്രകാരം ടെണ്ടറിൽ ഉൾപ്പെടുത്താതിരുന്ന 8 ഇനങ്ങൾ കൂടി ഉൾപ്പെട്ടതായി കണ്ടു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28/27.07.18) നൽകിയ മറുപടിയിൽ 3/17 ൽ നടത്തിയ ടെണ്ടറിൽ ഉൾപ്പെടാതിരുന്ന ഇനങ്ങൾ വാങ്ങുന്നതിനാണ് വീണ്ടും പുതിയതായി ടെണ്ടർ ക്ഷണിച്ചതെന്ന് പറയുന്നു. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം വാർഷിക ആവശ്യകതാ നിർണ്ണയം നടത്തുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി കാണേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റേയും അവസാനം അടുത്ത സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സാധനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതാണ്. 2010 ലെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഭാഗം(സി)സമാഹാരണ പദ്ധതികളിലും മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങൽ നടത്തണമെന്ന് നിർദ്ദേശമുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ചുവെങ്കിൽ 3/17 ൽ നടത്തിയ ഒറ്റ ടെണ്ടറിൽ തന്നെ 2017-18 വർഷത്തേക്കാവശ്യമായ തെരുവുവിളക്കു സാമഗ്രികൾ വാങ്ങൽ നടത്താമായിരുന്നു. രണ്ട് ഇനങ്ങൾക്കു മാത്രമായി നടത്തിയ ടെണ്ടർ നടപടിക്രമങ്ങൾക്ക് ആവശ്യമായി വന്ന അധികചെലവ് ഒഴിവാക്കാമായിരുന്നു. ഭരണസമിതി മേൽപ്പറഞ്ഞ വാങ്ങലിനെ സാധൂകരിച്ച് തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും (തീരുമാനം നം. 24/25.08.17, നം. 2/2.9.17)പദ്ധതി രൂപീകരണ, നിർവ്വഹണ പ്രവർത്തികളിൽ നിർണ്ണായക പങ്കുവഹിക്കുന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഊർജ്ജം കൈകാര്യം ചെയ്യുന്ന മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നീ സമിതികളുടെ യോഗങ്ങൾ മേൽവിഷയം സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. വാങ്ങൽ സംബന്ധിച്ച ഫയൽ അനുബന്ധ രേഖകൾ സഹിതം പൂർണ്ണമാക്കി സൂക്ഷിച്ചിരുന്നില്ല. ആയതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ, സ്റ്റോക്ക് എടുക്കൽ എന്നിവയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി) 259/2010 തസ്വഭവ 8.11.10) നിർദ്ദേശപ്രകാരമാണ് വാങ്ങൽ നടത്തേണ്ടത് . കൂടാതെ 2013 ലെ സ്റ്റോർ

പർച്ചേസ് മാന്വൽ, കേരള ഫിനാൻഷ്യൽ കോഡ് എന്നിവയിലെ നിർദ്ദേശങ്ങളും വാങ്ങലുകൾക്ക് ബാധകമാണ്. നിർദ്ദേശങ്ങൾ പാലിച്ച് ക്രമപ്രകാരം വാങ്ങൽ നടത്തി സ്റ്റോക്ക് എൻട്രി നടത്തിയിട്ടുണ്ട് എന്നുറപ്പു വരുത്താനാവശ്യമായ രേഖകൾ ഫയലിൽ പൂർണ്ണമായും ലഭ്യമായിരുന്നില്ല. വാങ്ങൽ നടപടിക്രമങ്ങളുടെ രേഖകൾ പൂർണ്ണമാക്കി ബില്ലുകൾ ലഭ്യമാക്കി സ്റ്റോക്ക് എടുക്കൽ, വിതരണ രേഖകൾ എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവുതുക 6,92,008/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പവർപ്ലാന്റ് സ്ഥാപിക്കൽ

അടങ്കൽതുക പൊതുവിഭാഗം(സാധാ) - 484302
ധനകാര്യ കമ്മീഷൻ അവാർഡ് -165698
ആകെ – 650000

ചെലവ്
പൊതുവിഭാഗം – 484302 (ട്രഷറി ബിൽ നം.37/31.03.18)
ധനകാര്യം – 138298 (ട്രഷറി ബിൽ നം.38/31.03.18)
ആകെ – 622500

അനെർട്ടിന്റെ സാങ്കേതികസഹായത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കി അനെർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടപ്പാക്കുന്ന രീതിയാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രൊജക്ട്, ഫയൽ, അനുബന്ധരേഖകൾ എന്നിവയുടെ പരിശോധനയിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ (2017 -18) ജി.ഒ.(എം.എസ്) നം 72/17 തസ്വഭവ 28.03.17മാനദണ്ഡം 12.8.5 ഊർജ്ജം എന്ന ഭാഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി വൈദ്യുതി ഉത്പാദനയൂണിറ്റുകൾ അനർട്ടിന്റെ മാനദണ്ഡമനുസരിച്ച് സർക്കാർ ഏജൻസികൾ മുഖേന സ്ഥാപിക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.സബ്സിഡി സ്കീമായ സോളാർസ്മാർട്ട് പദ്ധതിയിൽ പഞ്ചായത്ത് രജിസ്റ്റർ പദ്ധതിയിൽ പഞ്ചായത്ത് രജിസ്റ്റർ ചെയ്യുകയും, 1 to 5 kw off Grid Solar Power Plant പദ്ധതിക്ക് അംഗീകാരം നേടുകയും ചെയ്തു.

2017 -18 പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചതായി അറിയിച്ചുകൊണ്ട്, എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണ മെന്നാവശ്യപ്പെട്ട് 10.8.17 ൽ എ3.777/16 നമ്പരായി അനർട്ട് ഡിസ്ട്രിക്ട് എഞ്ചിനീയർക്ക് കത്തു നൽകിയിട്ടുണ്ട്. തുടർന്ന് 29.11.17 ൽ അനർട്ട് എഞ്ചിനിയർ സ്ഥലപരിശോധന നടത്തിയതു പ്രകാരം 18.12.17 ലെ10D/SPV/ANERT(TSR)/2017 -18 കത്തു മുഖേന പഞ്ചായത്ത് കോമ്പൗണ്ടിലുള്ള മൃഗാശുപത്രി കെട്ടിടത്തിനു മുകളിൽ 5kw off Grid Solar Power Plant ബാറ്ററി സഹിതം സ്ഥാപിക്കുന്നതിനുള്ള സാങ്കേതികാനുമതി ലഭ്യമാക്കി. ആയതിൽ അനർട്ടിന്റെ എസ്റ്റിമേറ്റും സെപ്സിഫിക്കേഷനും സബ്സിഡി സ്കീമായ സോളാർസ്മാർട്ട് പദ്ധതിയുടെ വിശദാംശങ്ങളും ഉള്ളടക്കം ചെയ്തിരുന്നു. പദ്ധതി നിർവ്വഹണത്തിന് രണ്ട് ഓപ്ഷനുകളാണ് നൽകിയിരുന്നത്.

Option 1 അനർട്ടിന്റെ എം.പാനൽ കമ്പനി ലിസ്റ്റിൽ നിന്നും ലിമിറ്റഡ് ടെൻഡർ വഴി,വർക്ക് ഓർഡർ നൽകി പ്ലാന്റ് സ്ഥാപിക്കൽ സബ്സിഡി കഴിഞ്ഞുള്ള തുകയാണ് കമ്പനിക്ക് നൽകേണ്ടത്.

Option 2 അനർട്ടിന്റെ ഡെപ്പോസിറ്റ് വർക്ക്, ഇപ്രകാരം ചെയ്യുമ്പോൾ മൊത്തം എസ്റ്റിമെറ്റിന്റെ 10 % കൂടി അധികം നൽകണം. ഇത് ഒരുകാരണവശാലും തിരിച്ചു നൽകുന്നതല്ല.

കൈപ്പമംഗലം പഞ്ചായത്ത് രണ്ടാമത്തെ രീതി അവലംബിച്ചാണ് പ്രൊജക്ട് തയ്യാറാക്കിയത്. ( വി.സ്റ്റാ.തീരുമാനം 1/11.12.17 ഭരണസമിതി 2(4)/6.12.17)

പദ്ധതി ചെലവ് 5kw - 750000 (150000/kw)

സബ്സിഡി 5kw – 202500 (40500/kw)

സബ്സിഡി കഴിച്ച് ആകെ തുക 750000 – 202500 = 547500

എസ്റ്റിമേറ്റിന്റെ 10% 75000

അധികം കൂടുമ്പോൾ ആകെ – 547500 + 75000 = 622500

1000/- രൂപ നൽകി അനർട്ടിൽ രജിസ്ട്രേഷൻ എടുക്കുകയും മേൽവിവരിച്ച പ്രകാരമുള്ള തുക 622500/- രൂപ അനർട്ടിന് കൈമാറുകയും ചെയ്തു. തുക കൈമാറുന്നതിന് ദിവസങ്ങൾക്കു മുമ്പാണ് അനർട്ടുമായി കരാർ ചമച്ചിട്ടുള്ളത്. 27.03.18 നാണ് കരാറിനുള്ള മുദ്രപത്രം വാങ്ങിയതും കരാറുടമ്പടി നിബന്ധന 4 പ്രകാരം തുക അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്തതും. ഡെപ്പോസിറ്റ് ചെയ്ത തിയതി മുതൽ കുറഞ്ഞത് ആറുമാസത്തിനുള്ളിൽ അനർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നൽകുന്നതാണ്. എന്നാൽ പഞ്ചായത്തിൽ ഓഡിറ്റ് തിയതി വരെയും പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. അനർട്ടിൽ നിക്ഷേപിച്ച തുക 622500/- രൂപ നിഷ്ക്രിയ ആസ്തിയായി തുടരുന്ന വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളെ കുറിച്ച് 29/27.07.18 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിന് ലഭ്യമാക്കിയ മറുപടിപ്രശ്നപരിഹാരത്തെ സാധൂകരിക്കുന്നതല്ല.

2. 2.5.18 ലെ 01/Adm/ANERT (TSR)/2017 -18 കത്തു പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി 31.3.18 വരെ മാത്രമേ തുടർന്നിരുന്നുള്ളൂ എന്നും ആയതിനാൽ സബ്സിഡി കേന്ദ്രഗവൺമെന്റ് പുന സ്ഥാപിക്കാത്ത പക്ഷം ആതുക കൂടി ഗ്രാമപഞ്ചായത്ത് വഹിക്കാൻ സമ്മതമാണെന്നുള്ള മറുപടി വർക്ക് ഓർഡർ നൽകുന്നതിനു മുമ്പ് നൽകണമെന്ന് ആവശ്യപ്പെട്ടു കാണുന്നു. കത്തിലെ വിഷയത്തിൽ 11.6.18 ലെ 23 -ാം നമ്പറിൽ ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. സബ്സിഡി നിർത്തലാക്കിയ സാഹചര്യത്തിൽ ആയത് പുന സ്ഥാപിച്ചില്ലെങ്കിൽ പഞ്ചായത്ത് പദ്ധതി വെച്ച് തുക നൽകുന്നതിന് സമ്മതമാണെന്ന് അനെർട്ടിനെ അറിയിക്കുന്നതിനും മേലിൽ സബ്സിഡി ലഭ്യമാകണമെങ്കിൽ ആയത് ഈ പദ്ധതിക്കു കൂടി ലഭ്യമാകണമെന്ന് അനെർട്ട് അധികൃതരോട് ആവശ്യപ്പെടാനുമായിരുന്നു തീരുമാനം. ഈ തീരുമാനത്തിൽ സ്വീകരിച്ച തുടർനടപടി എന്താണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമല്ല.

3. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം അനെർട്ടിന്റെ സാങ്കേതിക സഹായം തേടി അവർ നിർദ്ദേശിച്ച കമ്പനികളിൽ നിന്നും ഓപ്പൺ ടെൻഡർ നടത്തി പദ്ധതി നിർവ്വഹണം നടത്താനുള്ള സാധ്യത പഞ്ചായത്ത് ഭരണസമിതി പരിഗണിച്ചിട്ടില്ല.ആയതിന് വിശദീകരണം നൽകേണ്ടതാണ്. അനെർട്ടുമായി ഏർപ്പെട്ട കരാറിൽ പഞ്ചായത്തിന്റെ താല്പര്യങ്ങൾക്ക് മുൻഗണന. നൽകിക്കൊണ്ട് കേന്ദ്ര സബ്സിഡി സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല .

4. പ്രൊജക്ട് പ്രകാരം സോളാർ പ്ലാന്റ് പദ്ധതി വികസനസ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത് 11.12.17 ലെ 1 -ാം നമ്പർ തീരുമാനം പ്രകാരമാണ്. എന്നാൽ മിനിറ്റ്സിൽ 11.12.17 ന് യോഗം നടന്നതായോ പദ്ധതി സംബന്ധിച്ച് ചർച്ച നടത്തിയതായോ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലും ഇതുസംബന്ധിച്ച പരാമർശം നടത്തുകയോ വിഷയത്തിൽ എന്തെങ്കിലും ശുപാർശ നടത്തുകയോ ചെയ്തിട്ടില്ല. പരിശോധിച്ച ഗ്രാമസഭ മിനിറ്റ്സുകളിലും ഇതു സംബന്ധിച്ച് പരാമർശമില്ല. കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം മേൽപറഞ്ഞ സമിതികളിൽ വേണ്ടത്ര ചർച്ച നടത്താതെ

ഭരണസമിതിയിൽ മാത്രം ഇത്തരം വിഷയങ്ങൾ അവതരിപ്പിക്കപ്പെടുന്നതിനാൽ ധൃതിയിൽ തീരുമാനങ്ങൾ എടുക്കുകവഴി ഒരുവിഷയത്തിന്റെ നാനാവശങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

മേൽപരാമർശിച്ച കാര്യങ്ങളിൽ വ്യക്തതവരുത്തി പദ്ധതി നിർവ്വഹണം കാര്യക്ഷമമായി പൂർത്തീകരിക്കുന്നതുവരെ ചെലവ് തുക6,22,500/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുമരാമത്ത്/ഊർജ്ജം മേഖലകളിൽ നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരമില്ല.

ഊർജ്ജ മേഖലകളിൽ ഡെപ്പോസിറ്റ് പ്രവൃത്തി/സംയുക്തപ്രൊജക്ട് ആയി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിന്റെ വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം | പദ്ധതി നമ്പർ/ പേര് | ഫണ്ടിനം / അടങ്കൽ തുക | ചെലവുതുക/ ട്രഷറി ബിൽ നം. / തിയതി | കൈമാറിയസ്ഥാപനം / റിമാർക്ക്സ് |
|---|---|---|---|---|
| 1 | 144/18 വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | വി.ഫണ്ട് 300000 ധനകാര്യ കമ്മീഷൻ അവാർഡ് 500000 തനതുഫണ്ട് 31604 | 8,31,604 രൂപ 15/25.11.17 500000 രൂപ 36/31.3.18 300000 രൂപ ചെക്ക് നം. | കെ എസ് ഇ ബി/കൈമാറിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം |
| 2 | 156/18 മഹളറ- 18 മുറി റോഡ് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം | ധനകാര്യ കമ്മീഷൻ അവാർഡ് 500000 | 471755 രൂപ 3/27.7.17 | ബ്ലോക്ക് പഞ്ചായത്ത്/സാംഖ്യ രസീത്,ധനവിനി യോഗ/ പൂർത്തീകരണ സാക്ഷ്യപത്രം തുടങ്ങിയവ ഫയലിനോടൊപ്പമില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കേ ണ്ടതാണ്. |
| 3 | 168/18 പട്ടികജാതി | എസ്. സി.പി | 1,48,020 രൂപ | കെ എസ് ഇ ബി/കൈമാറിയ |

| | | | | |
|---|---|---|---|---|
| | കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിക്കൽ | 1,50,000 | 20/09.1.18 | തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം |
| 4 | 175/18 പഞ്ചായത്ത് ഓഫീസ് / യു പി എസ് റീ വയറിംഗ് | വി. ഫണ്ട് 225000 | 2,25,000 രൂപ 14/25.11.17 | കെ എസ് ഇ ബി/കൈമാറിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം.21.718 ലെ കരാർ പത്രം പൂർണമല്ല. |
| 5 | 190/18 പഞ്ചായത്ത് ഓഫീസിൽ ഇ പി എ ബി എകസ്, കംപ്യൂട്ടർ , പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | വി ഫണ്ട് 3,50,000 | 2,43,145 രൂപ 31/28.3.18 34551 രൂപ 32/31.3.18 197620 രൂപ 39/31.3.18 10974 രൂപ | ചെലവുരേഖകൾ ലഭ്യമാക്കിയില്ല. കംപ്യൂട്ടർ ഹാർഡ് വെയർ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| | | ആകെ | 29,62,699 | |

റിമാർക്സിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതുവരെ ആകെ ചെലവു തുക 29,62,699 /-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മരാമത്ത് പ്രവൃത്തികളുടെ നിർവഹണം-അവലോകനം

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

സാമ്പത്തികവർഷം 94 പദ്ധതികളിലായി 43726644 രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും 44 പ്രവൃത്തികൾക്ക് മാത്രമാണ് തുക വിനിയോഗിക്കുവാൻ കഴിഞ്ഞത്,21079086 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 48% തുക മാത്രം ചെലവഴിക്കുകവഴി 22647558 രൂപയക്കുള്ള പദ്ധതികൾ സ്പിൽ ഓവർ ആക്കേണ്ടിവന്നിരിക്കുകയാണ്.

നിർവഹണം നടത്തുവാൻ സാധിക്കാത്ത ഏതാനും പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | 91/18 | അങ്കണവാടികളുടെ അറ്റകുറ്റപ്പണി | 1052375 |
| 2 | 149/18 | തണൽ കേന്ദ്രത്തിലെ അറ്റകുറ്റപ്പണി | 200000 |
| 3 | 151/18 | വെറ്ററിനറി ഹോസ്പിറ്റൽ നവീകരണം | 100000 |
| 4 | 189/18 | പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണി | 343750 |
| 5 | 200/18 | പഞ്ചായത്ത് ഓഫീസ് നവീകരണം | 400000 |
| 6 | 203/18 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ | 997000 |

പ്രൊജക്ടുകളുടെ നടത്തിപ്പ് ഭാഗികമാണെങ്കിലും ആയത് സംബന്ധിച്ച ചർച്ചകൾ വികസനസ്റ്റാന്റിങ് കമ്മിറ്റിയിലോ,പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റിയുടെ വർക്കിങ് ഗ്രൂപ്പിലോ ഉരുത്തിരിഞ്ഞ് വന്നിട്ടില്ല. സാമ്പത്തികവർഷം അവസാനപാദം രണ്ട് മീറ്റിങ്ങുകൾ മാത്രമാണ് വർക്കിങ് ഗ്രൂപ്പിൽ നടന്നിട്ടുള്ളത്. മുകളിൽ പറഞ്ഞ പദ്ധതിയോരോന്നും തദ്ദേശസ്വയംഭരണസ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമേറിയ പ്രവൃത്തികളാണ്.

റോഡ് റീടാറിങ് പ്രവൃത്തികൾ ചെയ്യപ്പെടാതെ നീണ്ടുപോകുന്നത് റോഡുകൾ കൂടുതൽ തകരാറിലാവാനും ആയതിന്റെ ഫലമായി അവ അംഗീകൃത അടങ്കൽ തുകക്ക് വിധേയമായി കുറ്റമറ്റ രീതിയിൽ അറ്റകുറ്റപ്പണി നടത്തി അപാകതകൾ പരിഹരിക്കാൻ കഴിയാതെവരുന്നതിനും കാരണമാകും.

ടെണ്ടർ നടപടികളിൽ കരാറുകാർ പങ്കെടുക്കാത്ത സാഹചര്യം ഉണ്ട്. 25/8/17 ന് 16 പ്രവൃത്തികൾ ഇ-ടെൻഡർ നടത്തിയെങ്കിലും 15 ടെണ്ടറുകളിലും ആരും പങ്കെടുത്തിട്ടില്ല.ആരും പങ്കെടുക്കാത്ത ടെണ്ടറുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ടെണ്ടർ തീയ്യതി | ആരും പങ്കെടുക്കാത്ത ടെൻഡറുകളുടെ എണ്ണം |
|---|---|
| 21/8/17 | 25 |
| 13/11/17 | 11 |
| 26/1/18 | 13-ഇ-ടെൻഡർ |
| 7/2/18 | 16 |
| 16/2/18 | 4 |
| 28/2/18 | 10 |
| 19/3/18 | 1 |

ടെൻഡറുകളിൽ കരാറുകാരുടെ പങ്കാളിത്തക്കുറവ് കരാർ ചമക്കുന്നതിലുള്ള കാലതാമസത്തിനും

കാരണമാകുന്നുണ്ട്. സാമ്പത്തികവർഷം പുതുതായി കരാർ ചമച്ച 32 കരാറുകളിൽ എട്ടും ചമച്ചിട്ടുള്ളത് 31/3/18 നാണ്. 3/18 ൽ മാത്രം 12 കരാറുകളാണ് ചമച്ചിട്ടുള്ളത്. ഇപ്രകാരം ടെന്റർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തക്കുറവുമൂലം കരാറുകൾ ചമക്കുവാൻ വൈകുന്നത് പ്രവർത്തിനിർവഹണത്തിന് വളരെയധികം തടസ്സം സൃഷ്ടിക്കുന്നുണ്ട്.

2012 ലെ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ നിർദേശിക്കുന്ന പ്രകാരമുള്ള ഫോമിലല്ല കരാർ ചമക്കുന്നത്, മറിച്ച് ഇപ്പോഴും കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള പഴയ ഫോമിലാണ് കരാറുകൾ ചമക്കുന്നത്. പുതിയ ഫോമിലുള്ള കരാർ ചമക്കുന്നത് മൂലം പ്രവൃത്തികൾ വൈകുന്നത് മൂലമുള്ള അധികപിഴ ചുമത്തൽ,കുറഞ്ഞ നിരക്കിലുള്ള കാലാവധി ദീർഘിപ്പിക്കൽ എന്നിവ സമയബന്ധിതമായി പ്രവൃത്തി നിർവഹിക്കാൻ കരാറുകാരെ നിർബന്ധിപ്പിക്കുന്നതാണ്. 19/6/17 ന് കരാർ ചമക്കുകയും യഥാസമയം പ്രവർത്തിചെയ്യാത്തതുമൂലം ഈയിടെയുണ്ടായ മഴ മൂലം തകരാറിലായ പനമ്പിക്കുന്ന് അയിരൂർ റോഡ് ഏറ്റവും നല്ല ഉദാഹരണമാണ്.

പ്രവർത്തിനിർവഹണത്തിന് തടസ്സമായി നിൽക്കുന്ന നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് അവക്ക് വേണ്ട പരിഹാരനടപടികൾ കണ്ടെത്തി പദ്ധതികളെല്ലാം സമയബന്ധിതമായി നിർവഹിക്കാൻബന്ധപ്പെട്ട അധികാരകേന്ദ്രങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-10 അംഗീകൃതകരാറുകാരൻ പിൻമാറിയതുമൂലം അധികച്ചെലവ്

അയിരൂർ ഗ്രാമലക്ഷ്മി റോഡ് റീടാറിങ്(പ്രൊജക്ട് നം.76/17,30/18,അടങ്കൽ തുക 931000 ലോകബാങ്ക് ധനസഹായം)
വൗച്ചർ നം.24/05.01.18 തുക 900144/-

1/5/2017 ന് നടത്തിയ റീ- ടെൻഡറിൽ 860679 രൂപ രേഖപ്പെടുത്തിയ ശ്രീ.കെ.എ. ഷിഹാബിന്റെ ടെൻഡർ ഭരണസമിതിയുടെ 2(1)തീയതി 18/5/17 ലെ തീരുമാനപ്രകാരം അംഗീകരിച്ച്, സെലക്ഷൻ നോട്ടീസ് അയച്ചെങ്കിലും ജി.എസ്.ടി. സംവിധാനത്തിൽ പ്രവർത്തി ചെയ്യാൻ സാധ്യമല്ല എന്ന് കാണിച്ച് കരാറുകാരൻ പിൻമാറിയതിനെതുടർന്ന് മറ്റൊരു കരാറുകാരനെ കൊണ്ട് പ്രവൃത്തി ചെയ്യിച്ചതുമൂലം 900144/- രൂപ ചെലവ് വന്നു (39465/- രൂപ അധികച്ചെലവ്). ശ്രീ കെ.എ ഷിഹാബ് ചമച്ച പ്രാഥമിക കരാർ പ്രകാരം കരാറിൽ നിന്നും പിൻമാറുന്നതുമൂലമുണ്ടാകുന്ന അധിക തുക ടിയാനിൽ നിന്നും ഈടാക്കാം. ആയതുപ്രകാരം ശ്രീ.ഷിഹാബിന്റെ ഇ.എം.ഡിയിൽ നിന്നും 23300/- രൂപ ഈടാക്കിയിട്ടുണ്ട്. ബാക്കി തുക 16165/- രൂപ (39465-23307) ടിയാനിൽനിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ശ്രീ.ഷിഹാബ് ബാക്കി തുക അടവാക്കാത്തപക്ഷം ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 3-11 ബസ് സ്റ്റാന്റ് കം ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം -പിഴ ഈടാക്കിയത് സംബന്ധിച്ച്

കരാറുകാരൻ-ശ്രീ.ഇ.എൻ ഉണ്ണികൃഷ്ണൻ

കരാർ-1/AE/LSGD/KPM/2015-16/7/4/15

നിരക്ക്-6.3% കുറവ്

പ്രവൃത്തി പൂർത്തിയാക്കിയത്-25/4/17

6/4/16 ന് പൂർത്തിയാക്കേണ്ട ഈ പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴയായി കരാർ തുകയായ 3837672 രൂപയുടെ 6.3% കുറവ് തുകയായ 3595899 രൂപയുടെ 2% (2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ നിബന്ധന-2112-1) ആയ71918 രൂപയിൽ 2000 രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തു. ബാക്കിയുള്ള 69918 രൂപ കരാറുകാനിൽനിന്നും പിടിച്ചുവെച്ച് റിടെൻഷൻ തുകയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. റിടെൻഷൻ ഇനത്തിൽ നിന്നും ഈടാക്കിയ തുക ഫൈൻ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിതന്നെ പഞ്ചായത്ത് ഫണ്ട് ക്രമീകരിക്കേണ്ടതാണ്.

## 3-12 റോഡ് റീടാറിങ് നടത്തിയത് തകരാറിലായി

പ്രൊജക്ട് നം.നം.186/17,31/18-പനമ്പിക്കുന്ന് -അയിരൂർ റോഡ് റീടാറിങ്

അടങ്കൽ തുക-453000, സംരക്ഷണഗ്രാന്റ്-റോഡ്

കരാറുകാരൻ-ശ്രീ.എം.ഡി.സന്തോഷ്, മൂത്തേരി വീട്, പി.ഒ.കൈപ്പമംഗലം

കരാർ-47/AE/LSGD/KPM/2016-17/19/6/17

പഞ്ചായത്ത് ഭരണസമിതിയുടെ 18/5/17 ലെ 2(2) നം. തീരുമാനപ്രകാരമാണ് കരാർ ഉറപ്പിച്ച് നൽകിയത്.

പക്ഷെ കരാറിൽ കരാറുകാരനോ, നിർവഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയറോ ഒപ്പിട്ടിരുന്നില്ല. മാത്രമല്ല കരാറുകാരന് സ്ഥലം കൈമാറിയതിന്റെ രേഖയും ഫയലിലില്ലായിരുന്നു. 800 മീറ്റർ നീളമുള്ള റോഡിൽ 300 മീറ്റർ മുതൽ 520 മീറ്റർ വരെയുള്ള ഭാഗം ഒഴിവാക്കി ബാക്കി റീടാറിങ് ചെയ്യുവാനാണ് അടങ്കൽ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 25/7/18 ന് പ്രസ്തുത സ്ഥലം സന്ദർശിച്ചപ്പോൾ റോഡ് റീടാറിങ് നടത്തിയ സ്ഥലത്ത് മെറ്റലുകൾ ചിതറിക്കിടക്കുന്നതും കുഴികൾ രൂപപ്പെട്ടതും കണ്ടു. പ്രസ്തുത ഭാഗത്ത് റോഡ് മഴയത്ത് ഒലിച്ചുപോയതാണെന്ന് വിശദീകരിച്ചു. ഈ പ്രവൃത്തി സംബന്ധിച്ച അളവുകൾ എടുത്തിട്ടില്ല എന്ന് നിർവഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയർ അറിയിക്കുകയുണ്ടായി. നിർവഹണോദ്യോഗസ്ഥയുടെ അറിവോ സാന്നിധ്യമോ കൂടാതെ പ്രവൃത്തി നടത്തിയത് ശരിയായ നടപടിയല്ല. കരാറുകാരനുള്ള തുക തടഞ്ഞുവെക്കേണ്ടതും റീടാറിങ് പ്രവൃത്തിയുടെ കുറ്റമറ്റ നിർവഹണം ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-13 ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കുളം നിർമ്മാണ പ്രവൃത്തി - തൊഴിലുറപ്പ് പദ്ധതിയിലൂടെ

അവിദഗ്ധ തൊഴിലാളികൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബങ്ങൾക്ക് പ്രതിവർഷം നൂറ് ദിവസത്തെ തൊഴിൽദിനങ്ങൾ ഉറപ്പ് നൽകുകവഴി ഗ്രാമീണ തൊഴിൽ മേഖലകളിൽ അടിസ്ഥാന പരമായ മാറ്റം വരുത്തുവാൻ തൊഴിലുറപ്പ് പദ്ധതിക്കാകുന്നുണ്ട്. ജലസംരക്ഷണത്തിനും ഭൂവികസനത്തിനും പ്രാഥമിക പരിഗണന നൽകിവരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി 4 ഫാം പോണ്ട് നിർമ്മാണ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. പദ്ധതിനിർവ്വഹണത്തിൽ കണ്ട പോരായ്മകൾ താഴെ ചേർക്കുന്നു.

പദ്ധതി വിശദാംശങ്ങൾ

| വാർഡ് | ഗുണഭോക്താവ് | സൃഷ്ടിക്കപ്പെട്ട |
|---|---|---|

| | | |
|---|---|---|
| | | അവിദഗ്ധ തൊഴിൽദിനങ്ങൾ |
| 16-തായ് നഗർ | പവിത്രൻ, ഞാറ്റുവെട്ടി | 98 |
| 16-തായ് നഗർ | ലവൻ, തറയിൽ | 82 |
| 13-വഴിയമ്പലം | ബിജോയ് | 55 |
| 17-കാളമുറി | അരവിന്ദാക്ഷൻ, പുത്തൂര് | 116 |

വാർഷിക കർമ്മപദ്ധതി പ്രകാരം ടി പ്രവൃത്തികൾ ഫെബ്രുവരി മാസത്തിലാണ് നിർവ്വഹണം നടത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തികൾ നിർമ്മാണം ആരംഭിച്ച് പ്രവൃത്തി പൂർത്തീകരിച്ചത് മേയ് ,ജൂൺ മാസങ്ങളിലായാണ്. പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിന് യഥാസമയം പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കുളങ്ങൾ നിർമ്മിക്കുമ്പോൾ പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് സ്ഥല ഉടമയുമായി മുദ്രപത്രത്തിൽ കരാർ വെയ്ക്കേണ്ടതാണ് (സർക്കുലർ നമ്പർ 14829/DD2 /09/LSGD 2.03.09). എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ക്ഷേമകാര്യ ആരോഗ്യ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - പൊതു അപാകതകൾ

പ്രോജക്ട് രൂപീകരണത്തിന് മുന്നോടിയായി ക്ഷേമകാര്യം, ആരോഗ്യ-വിദ്യാഭ്യാസം എന്നീ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് കീഴിൽ വരുന്ന വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ അപൂർണമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ടിൻമേൽ ചർച്ച നടത്തി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി പ്രോജക്ടുകൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്തതായി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപെടുത്തിയിട്ടില്ല. കരട് പ്രോജക്ട് നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥർ എഴുതി തയ്യാറാക്കി സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് സമർപ്പിച്ചതായി കണ്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റികൾ അവയുടെ കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകൾ കൈകാര്യംചെയ്യുന്ന മുഴുവൻ വിഷയങ്ങളും സംബന്ധിച്ച് ചർച്ച നടത്തിയതായോ, പ്രോജക്ട് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്ത് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിക്ക് ശുപാർശ ചെയ്തതായോ മിനിറ്റ്സിൽ രേഖപെടുത്തിയിട്ടില്ല. ഭരണ സമിതി അംഗീകരിച്ച പ്രോജക്ടുകൾ ഗ്രാമസഭകളിൽ ചർച്ചക്ക് വിധേയമാക്കുകയോ ആവശ്യമായ മാറ്റങ്ങൾ ഉൾപെടുത്തുന്നതായോ കാണുന്നില്ല. ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമ സഭകളുടെ ക്വാറം തികയാനാവശ്യമായ അത്രയും ആളുകൾ ഗ്രാമസഭയിൽ പങ്കെടുക്കുന്നതായി കാണുന്നുണ്ട്. സാമ്പത്തിക വർഷത്തിൽ നാല് തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. മുൻവർഷത്തെ വരവുചെലവുകൾ, തൻവർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഗ്രാമസഭകൾ അംഗീകരിച്ചിട്ടുണ്ട്. 17-18 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ശുപാർശ ചെയ്തതായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ചിട്ടില്ല.

# 3-15 ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162.1.എ (iii) പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുൾപെടുന്ന സേവന മേഖലകൾ പട്ടികജാതി പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടേയും വികസനം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമ്മാർജനം, പൊതു വിതരണം എന്നിവയാണ്. സ്റ്റാൻഡിംഗ് കമ്മിറ്റി സാമ്പത്തിക വർഷത്തിൽ 14 തവണ യോഗം ചേർന്നിട്ടുണ്ട്. പെൻഷൻ/വിവാഹധനസഹായം എന്നിവയിൽ ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് അംഗീകാരം നൽകുന്നതിനായാണ് കമ്മിറ്റി കൂടുതലായും യോഗം ചേർന്നു കാണുന്നത്. മറ്റു വിഷയങ്ങളിൽ നാമമാത്രമായ തീരുമാനങ്ങൾ മാത്രമേ കമ്മിറ്റി എടുത്തതായി മിനിറ്റ്സിൽ രേഖപെടുത്തിയിട്ടുള്ളു.

09.1.17 ന് സർക്കാർ പുറപെടുവിച്ച സ.ഉ.(എം.എസ്.)10/2017 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിലുൾപെടുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ദാരിദ്ര്യലഘൂകരണം, സാമൂഹ്യനീതി, വനിതാ വികസനം,പട്ടികജാതി/വർഗ്ഗ വികസനം എന്നിവയാണ്. 2017-18 വർഷത്തിൽ മേൽ സൂചിപ്പിച്ച വർക്കിംഗ് ഗ്രൂപ്പുകൾ നാലുതവണ യോഗം ചേർന്നതായി കാണുന്നു. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയും മുൻപ് നടപ്പാക്കിയ പ്രോജക്ടുകളുടെ ജയപരാജയങ്ങൾ പരിശോധിച്ചും തൻ വർഷം നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-16 ദാരിദ്ര്യലഘൂകരണം

ദാരിദ്ര്യലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ കീഴിൽ ആശ്രയ, ലൈഫ് മിഷൻ, പി.എം.എ.വൈ എന്നീ ഇനങ്ങളിൽ ഭവനനിർമ്മാണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. ലൈഫ് ഒന്നാംഘട്ടത്തിൽ നാളിതുവരെ പൂർത്തീകരിക്കാതെ കിടന്നിരുന്ന 6 വീടുകളിൽ 3 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് രണ്ടാം ഘട്ടത്തിൽ ഉൾപെട്ട 112 ഗുണഭോക്താക്കളിൽ 9 പേർ പട്ടികജാതി വിഭാഗത്തിലും 38 പേർ ന്യൂനപക്ഷ വിഭാഗത്തിലും 37 പേർ ജനറൽ വിഭാഗത്തിലുമാണ്. നിലവിൽ പഞ്ചായത്തുമായി കരാറിലേർപെട്ട 70 പേർക്ക് ഒന്നാം ഗഡുവായി 40,000/- രൂപ വീതം നൽകിയിട്ടുണ്ട്.

ആശ്രയ പദ്ധതിക്കായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതി പ്രകാരം തൻ വർഷത്തിൽ എട്ടു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആശ്രയ രണ്ടാം ഘട്ടം അവസാനിച്ച സാഹചര്യത്തിൽ ടി ഗുണഭോക്താക്കൾക്ക് സർക്കാർ അനുമതി ലഭ്യമാകുന്ന പക്ഷം തുടർ സേവന പാക്കേജ് തയ്യാറാക്കേണ്ടതാണ്. ആശ്രയക്കായി ലഭിച്ച തുകയിൽ നീക്കിയിരുപ്പുള്ള തുക ഗുണഭോക്താക്കളുടെ ഇനിയും പരിഹരിക്കാത്ത ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. 18-19 സാമ്പത്തിക വർഷത്തേക്ക് അഗതി രഹിത കേരളം പദ്ധതിയിലുൾപെട്ട 78 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിൽ കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. സാമ്പത്തിക വർഷത്തിൽ രൂപീകരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടതുമാണ്.

# 3-17 വി.ഇ.ഒ.ചളിങ്ങാട് നടപ്പാക്കിയ പദ്ധതികൾ

| പദ്ധതിനം./വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചവരുടെ എണ്ണം. | ചെലവ് % |
|---|---|---|---|---|---|
| ലൈഫ് -ജനറൽ വിഭാഗം-148/18 -വീട് പുനരുദ്ധാരണം | 840000 | 660000 | 34 | 32 | 78.57% |

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, ശുപാർശ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ വിവരങ്ങൾ ഫയലിൽ രേഖപെടുത്തിയിട്ടില്ല. പ്രോജക്ട് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-18 വി.ഇ.ഒ. കുരിക്കുഴി നടപ്പാക്കിയ പദ്ധതികൾ

| പദ്ധതിനം./വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചവരുടെ എണ്ണം. | ചെലവ് % |
|---|---|---|---|---|---|
| ലൈഫ് - SC വിഭാഗം-148/18- വീട് പുനരുദ്ധാരണം | 37,50,000 | 28,40,000 | 50 | 27 | 75.73% |
| പി.എം.എ.വൈ. പദ്ധതി-SC – 83/18 | 5,00,000 | 4,90,000 | ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയിൽ 300,000 രൂപ അക്കൗണ്ടിൽ ബാക്കിയുള്ളതായി 19.7.18 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. | | 40% |

മുഴുവൻ പദ്ധതികളും എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-19 വി.ഇ.ഒ.കൈപമംഗലം നടപ്പാക്കിയ പദ്ധതികൾ

| പദ്ധതിനം./വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക/ബ്ലോക്കിന് നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചവരുടെ എണ്ണം. | ചെലവ് % |
|---|---|---|---|---|---|
| ലൈഫ് -ജനറൽ വിഭാഗം-81/18 | 1,90,000 | 30,000 | 6 | ഇല്ല. | 15.78% |
| ലൈഫ്-SC വിഭാഗം- 82/18 | 9,80,000 | 4,66,667 | 50 | 27 | 47.61% |
| പി.എം.എ.വൈ. പദ്ധതി-ജനറൽ -80/18 | 200000 | 200000 | ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയിൽ 60000 രൂപ അക്കൗണ്ടിൽ ബാക്കിയുള്ളതായി 19.7.18 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. | | 70% |

മുഴുവൻ പദ്ധതികളും എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 സാമൂഹ്യനീതി

സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് 5 തവണ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്ത പ്രോജക്ടുകൾ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പൂരക പോഷകാഹാര വിതരണം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് വിതരണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിലേക്കായി ആവശ്യമായ തുക വകയിരുത്തുന്നതിനായി വർഷാരംഭത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് വിതരണത്തിന്റെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചതായി മിനിറ്റ്സിൽ നിന്നും വ്യക്തമല്ല. അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച അവസ്ഥാ വിശകലന റിപ്പോർട്ട്, ഭക്ഷണ വിതരണത്തിലെ കാര്യക്ഷമത സംബന്ധിച്ച കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോക്യൂർമെന്റ് നടത്തിയതിൽ വ്യക്തമായ തീരുമാനങ്ങൾ എടുത്ത് മിനിറ്റ്സിൽ രേഖപെടുത്തിയിട്ടില്ല. പകൽ വീട് പ്രവർത്തനത്തിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും പ്രവർത്തന ക്ഷമമായിട്ടില്ല. ജാഗ്രതാ സമിതികൾക്കുവേണ്ടി അംഗീകരിച്ച പ്രോജക്ട് നടപ്പാക്കിയിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപെടുത്തുന്നതിന്റെ ഭാഗമായി 33 അങ്കണവാടികൾക്ക് സാമ്പത്തിക വർഷത്തിൽ അധിക ഗ്യാസ് സിലിണ്ടർ നൽകിയിട്ടുണ്ട്. കളിപാട്ടങ്ങൾ, പ്രഷർ കുക്കർ എന്നിവയും അംഗൻവാടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതും നിർവ്വഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കേണ്ടതുമാണ്.

## 3-21 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ

ഭിന്ന ശേഷിയുള്ളവർക്ക് ഉപകരണ ആവശ്യകതാ നിർണ്ണയ ക്യാമ്പ്.

ഭിന്ന ശേഷിയുള്ളവർക്ക് മെഡിക്കൽ ക്യാമ്പ് നടത്തി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 5 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ട് നം. 191/18 പ്രകാരം ഭിന്ന ശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മെഡിക്കൽ ക്യാമ്പ് നടത്തിയതിന് 19790 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 15/17-18 തിയതി28.3.18) ക്യാമ്പിൽ പങ്കെടുത്ത 78 പേർക്ക് യാത്രാബത്ത നൽകുന്നതിനും റിഫ്രഷ്മെന്റ്, മറ്റു ചെലവുകൾ എന്നിവയ്ക്കാണ് തുക ചെലവഴിച്ചു കാണുന്നത്.

പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

3.4.17 ലെ സ.ഉ(എം.എസ്)80/17 ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 10.2.4 പ്രകാരം അഞ്ച് വിദഗ്ദ ഡോക്ടർമാരടങ്ങുന്ന സംഘമാണ് ഉപകരണ ആവശ്യകത സംബന്ധിച്ച പരിശോധന നടത്തേണ്ടത്. എന്നാൽ തൊടുപുഴ, കോട്ടക്കൽ എന്നിവിടങ്ങളിൽ നിന്നുള്ള ഒരു ഇ.എൻ.ടി.,ഒരു ഓർത്തോ എന്നി വിഭാഗത്തിൽപെട്ട ഡോക്ടർമാർ പരിശോധന നടത്തിയതായും 31 പേർക്കായി 5,33,000 രൂപയുടെ 111 ഉപകരണങ്ങൾ,5 പേർക്ക് ട്രൈ സ്കൂട്ടർ എന്നിവ ശുപാർശ ചെയ്തതിന്റെ ലിസ്റ്റ് ഹാജരാക്കുകയുമുണ്ടായി. ഡോക്ടർമാർ രോഗികളെ പരിശോധിച്ചതിന്റെ വിവരം, ശുപാർശകളിൻമേൽ ഡോക്ടർമാരുടെ ഒപ്പ്, സീൽ, പേര് എന്നിവ ഇല്ല. മേൽ പ്രകാരം മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ഇക്കാര്യത്തിലേക്കായി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നതു പ്രകാരം സർക്കാർ മെഡിക്കൽ സംവിധാനങ്ങളെ ആശ്രയിച്ചതായോ, മെഡിക്കൽ ഉദ്യോഗസ്ഥരുമായി കത്തിടപാടുകൾ നടത്തിയതായോ കാണുന്നില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കെൽട്രോണിന്റെ സഹായത്താലാണ് മെഡിക്കൽ ക്യാമ്പ് നടത്തിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് ഖണ്ഡികയിൽ തന്നെ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപെടുത്താൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-22 പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമില്ലാതെ പർച്ചേയ്സ് നടത്തിയത്

അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങുന്നതിനായി പ്രോജക്ട് നം.130/18 പ്രകാരം 3 ലക്ഷം രൂപ വകയിരുത്തിയതിൽ 15 അങ്കണവാടികൾക്ക് മെറിഗോ റൗണ്ട്, @14999/-, 29 അങ്കണവാടികൾക്ക് സ്ലൈഡർ @3186 എന്നിങ്ങനെ യഥാക്രമം ഫോർകിഡ്സ്, വീകോ ട്രേഡിംഗ് എന്നി സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് 12.1.2018 ലെ അജണ്ട 2.4 നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനമെടുത്തു. പ്രസ്തുത തീരുമാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങാൻ തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പേജ് 74 മുതൽ 83 വരെയുള്ള രേഖപ്പെടുത്തലുകളിൽ ഇപ്രകാരം തീരുമാനങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തി കാണുന്നില്ല. യഥാർത്ഥത്തിൽ വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല. സാധനങ്ങൾ വാങ്ങുന്നതിന് ജി.ഒ(പി)259/2010 /ത.സ്വ.ഭ.വ തീയതി 08.11.2010 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 3-23 ടെണ്ടർ ക്ഷണിച്ചതിലെ അപാകത- ഗ്രാമപഞ്ചായത്തിന് നഷ്ടം

അങ്കണവാടികൾക്ക് പ്രഷർകുക്കർ വാങ്ങുന്നതിന് പ്രോജക്ട് നം 131/18 പ്രകാരം 5ലിറ്റർ ഉള്ള പ്രഷർകുക്കറുകൾ 33 അങ്കണവാടികൾക്ക് വിതരണം നടത്തുന്നതിനായി 30.11.17 ന് ടെണ്ടർ നടത്തുകയും പിന്നീട് സ്റ്റെയിൻലെസ്സ് കുക്കറുകളാണ് ആവശ്യം എന്ന കാരണത്താൽ ടെണ്ടർ റദ്ദാക്കുകയും ചെയ്തു. തുടർന്ന് റീ ടെണ്ടർ നടത്തി ലഭിച്ച ഏക ടെണ്ടർ ഭരണസമിതി 24.3.18 ലെ 19ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് @ 2941 രൂപാ നിരക്കിൽ കുക്കറുകൾ വാങ്ങുകയുണ്ടായി. എന്നാൽ 30.11.17ൽ ലഭിച്ച ടെണ്ടറിൽ സ്റ്റെയിൻലെസ്സ് സ്റ്റീൽ കുക്കർ 5 ലിറ്ററിന് @2750 രൂപാ നിരക്കിൽ രേഖപെടുത്തിയിരുന്നത് പരിശോധിക്കാതെയാണ് റീ ടെണ്ടറിൽ ലഭിച്ച ഏക ടെണ്ടർ പഞ്ചായത്ത് അംഗീകരിച്ചത്.

റീടെണ്ടർ വഴി ലഭിച്ച ഏക ടെണ്ടർ അംഗീകരിച്ചതു വഴി പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. വ്യക്തമായ സ്പെസിഫിക്കേഷനോട്ടു കൂടി ടെണ്ടർ ക്ഷണിക്കാതിരുന്നതു മൂലം റീ ടെണ്ടർ ക്ഷണിക്കേണ്ടി വന്നതും ശരിയല്ല. 33 അങ്കണവാടികൾക്ക് വേണ്ടി പ്രോജക്ട് നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിരുന്നത് 23 എണ്ണം കുക്കറുകൾക്ക് മാത്രമായി പരിമിതപെട്ടതിനാൽ ശേഷിച്ച 10 അങ്കണവാടികൾക്ക് കുക്കറുകൾ നൽകാനായില്ലായെന്നതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 വർക്കിംഗ് ഗ്രൂപ്പ് -വനിതാ വികസനം

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരം ലഭ്യമല്ല. യോഗങ്ങളിൽ പങ്കെടുക്കുന്ന ഭൂരിഭാഗം അംഗങ്ങളും അങ്കണവാടി ജീവനക്കാരാണ്. പ്രധാനമായും അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങളാണ് മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നത്. വനിതകൾക്ക് വേണ്ടിതയ്യാറാക്കേണ്ട പദ്ധതികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിൽ ഐ,സി.ഡി.എസ് വഴി നടപ്പാക്കിയ പ്രോജക്ടുകളുടെ കരട് നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം വനിതാ വികസനമേഖലയിലുൾപെടുത്തി കൃഷി, മൃഗസംരക്ഷണ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കുന്നതിന് രൂപീകരിച്ച പ്രോജക്ട് നം.132/18പ്രകാരം 30,000 രൂപ ജാഗ്രതാ സമിതിക്ക് വേണ്ടി വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ജാഗ്രതാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-25 പട്ടികജാതി /പട്ടിക വർഗ്ഗ വികസനം

പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ 2.5.17 ന് മാത്രമേ യോഗം ചേർന്നതായി കാണുന്നുള്ളൂ. ടി രജിസ്റ്റർ പേജ് 15ൽ നാല് പേരുടെ ഒപ്പ് മാത്രമാണ് രേഖപെടുത്തി കാണുന്നത്. വർക്കിംഗ് ഗ്രൂപ്പ് യഥാസമയം യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തതായോ മോണിറ്ററിംഗ് കമ്മിറ്റിയായോ പ്രവർത്തിച്ചതായി മിനിറ്റ്സിൽ നിന്നും വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനത്തിലെ വീഴ്ചകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-26 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തുന്നതിന് രൂപീകരിച്ച ബാലസഭ, പദ്ധതി സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടില്ല. 16-17 വർഷത്തിൽ ആരംഭിച്ച അയിരൂർ കോളനി സമഗ്ര വികസന പദ്ധതി പ്രകാരം കോളനിയിലെ കാലപ്പഴക്കം ചെന്ന 13 എസ്.സി. വീടുകൾ പൊളിച്ച് പണിയുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും 10 ഗുണഭോക്താക്കൾ കരാർ വെച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിനം./വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചവരുടെ എണ്ണം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 111/18 വിവാഹ | 1350000 | 1350000 | 18 | 18 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ധനസഹായം | | | | | |
| 171/18 ഭവന പുനരുദ്ധാരണം | 150000 | 150000 | 2 | 2 | ഇല്ല |
| 148/18SC വിദ്യാർത്ഥി കൾക്ക് സൈക്കിൾ | 243990 | 243990 | 51 | 51 | ഇല്ല |
| 174/18അയിരൂർ കോളനി സമഗ്രവികസനം | 1430000 | 530000 | 13 | 10 | 900000 |
| 141/18 Scയുവാക്കൾക്ക് സ്വയം തൊഴിൽ | 537000 | 337000 | 3 | 2 | 200000 |

ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-27 ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി

കമ്മിറ്റി സാമ്പത്തിക വർഷത്തിൽ 13 തവണ യോഗം ചേർന്നിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 1(എ)iv പ്രകാരം പൊതുജനാരോഗ്യം, ശുചീകരണം, ശുദ്ധജലവിതരണം(കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, വിദ്യാഭ്യാസം, കലയും- സംസ്കാരവും- വിനോദവും എന്നീ വിഷയങ്ങളാണ് സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ. മേൽ വിഷയങ്ങൾ പൂർണമായി കമ്മിറ്റി കൈകാര്യം ചെയ്തതായി മിനിറ്റ്സിൽ നിന്നുംവ്യക്തമല്ല. ശുചിത്വ, മാലിന്യ നിർമ്മാർജനം സംബന്ധിച്ച പ്രവർത്തനങ്ങൾ, സ്കൂൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, മരുന്നു വാങ്ങൽ എന്നീ വിഷയങ്ങളിൽ കമ്മിറ്റി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആരോഗ്യം, കുടിവെള്ളം, മാലിന്യ സംസ്കരണം, വിദ്യാഭ്യാസം, കലാസംസ്കാരം എന്നിങ്ങനെ വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുണ്ട്.

## 3-28 ആരോഗ്യം

ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് 4 തവണ യോഗം ചേർന്നിട്ടുണ്ട്. 17-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ട ആരോഗ്യ, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ മിനിറ്റ്സിൽ രേഖപെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ സമയത്ത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചതായി കാണുന്നില്ല.

## 3-29 മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പാക്കിയ പ്രോജക്ടുകൾ- അപാകതകൾ

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി നം. 86/18 ആയുർവേദാശുപത്രിക്ക് മരുന്നുവാങ്ങൽ പ്രകാരം ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങിയതിൽ ഇൻവോയ്സ് നം. 90038927/1.11.17 പ്രകാരം വാങ്ങിയ ഇനങ്ങളിൽ പഞ്ചകർമ്മ ചൂർണ്ണം 3 പായ്ക്കറ്റിന്

@245 നിരക്കിൽ 735 രൂപ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നം. 88/18 പ്രകാരം adot computers എന്ന സ്ഥാപനത്തിൽ നിന്നും 13216 രൂപ ചെലവഴിച്ച് പ്രിന്റർ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണത്തിന്റെ വാറണ്ടി, തുക കൈപറ്റിയതിന്റെ രസീതി, സ്ഥാപനവുമായി ഏർപെട്ട കരാർ, ഇൻസ്റ്റലേഷൻ സംബന്ധിച്ച ടെക്നിക്കൽ അതോറിറ്റിയുടെ സാക്ഷ്യപത്രം. സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## **3-30** ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ചെലവ് തുക **114834** രൂപ തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം. 99/18 പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങുന്നതിനായി ബിൽ നം. 1/17-18 തിയതി.22.8.17 പ്രകാരം 1,50,000 രൂപ ഹോംകോ, ആലപുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിൽ LF602/27.3.18 പ്രകാരം 35166 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചതായി കാണുന്നത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നുകളുടെ തുക 114834/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-31** പാലിയേറ്റീവ് കെയർ പദ്ധതി ചെലവു രേഖകൾ ഹാജരാക്കിയില്ല. തുക **370000** രൂപ തടസ്സപെടുത്തുന്നു. **KMSCL**ൽ നിന്നും മരുന്നുകൾ ലഭിച്ചിട്ടില്ല

a) മെഡിക്കൽ ഓഫീസർ ആരോഗ്യംനടപ്പാക്കിയ പ്രോജക്ട് നം. 109/18ൽ ബിൽ നം. 1/17-18 /31.8.17പ്രകാരം പിൻവലിച്ച 50000 രൂപ യുടെ ചെലവു രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനങ്ങളുടെ ചട്ടങ്ങൾ) ചട്ടം 12 (4) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 50000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

b) പദ്ധതിയുടെ ഭാഗമായി താഴെ പറയും പ്രകാരം തുക KMSCLന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിച്ചതായി കാണുന്നില്ല. ഇവ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ഉപകരണങ്ങൾ എന്നിവ ലഭിക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

| ബിൽ നം./ചെക്ക് നം. | KMSCLന് നൽകിയ തുക |
|---|---|
| 10/17-18/21.3.18 | 90000 |
| 11/17-18/21.3.18 | 30000 |
| ട്രഷറി ചെക്ക് നം.2206911/27.03.18 | 200000 |

| | |
|---|---|
| ആകെ | 320000 (ആകെ തടസ്സം<br>320000+50000= 370000 |

c) പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി 4.10.17 നും, 10.1.18നും വാഹനം ഉപയോഗിച്ചതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ടി തിയതികളിൽ പാലിയേറ്റീവ് കെയർ വഴി രോഗികളെ പരിപാലിച്ചതിന്റെ വിവരം പാലിയേറ്റീവ് ഡയറിയിൽ രേഖപെടുത്തിയിട്ടില്ല. മാത്രമല്ല. 25.1.18 മുതൽ 15.2.18വരെ തീയതികളിൽ പാലിയേറ്റീവ് ഡയറി രേഖപെടുത്തിയതായി കാണുന്നില്ല. വാഹനം ഏർപ്പാടാക്കിയത് സംബന്ധിച്ച കരാർ, 17.1.18 തിയതിയിൽ നടത്തിയതായി പറയുന്ന വളണ്ടിയേഴ്സ് ട്രെയിനിംഗ് സംബന്ധിച്ച വിവരങ്ങൾ, സ്റ്റീൽ അലമാര, കെമിക്കലുകൾ (സ്റ്റാർ കെമിക്കൽസിൽ നിന്നും വാങ്ങിയ21298 രൂപയുടെ കെമിക്കൽസ്)എന്നിവ സംബന്ധിച്ച ക്വട്ടേഷനുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

d) പി.എം.സി.മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും സാമ്പത്തിക വർഷത്തിൽ 5 തവണ യോഗം ചേർന്നതായി കണ്ടു. എന്നാൽ ടി മിനിറ്റിസിൽ യോഗത്തിന്റെ അജണ്ട, പ്രധാന തീരുമാനങ്ങൾ, വരവുചെലവുകളുടെ അംഗീകാരം നൽകൽ, രോഗികളുടെ സ്ഥിതി/ക്ഷേമം സംബന്ധിച്ച വിവരങ്ങൾ, വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് കരാറിലേർപെട്ടതിന്റെ വിവരങ്ങൾ, പാലിയേറ്റീവ് കെയറിനായി വാങ്ങുന്ന മരുന്നുകൾ സംബന്ധിച്ച വിവരങ്ങൾ എന്നിങ്ങനെ സുപ്രധാന വിവരങ്ങൾ ഒന്നും തന്നെ പാലിയേറ്റീവ് കമ്മിറ്റി മിനിറ്റ്സിൽ രേഖപെടുത്തിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-32 മഴക്കാല പൂർവ്വശുചീകരണം - തുക വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നു ലഭിച്ച 112760/- രൂപ കൈപമംഗലം പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് 2220618 ചെക്ക് നമ്പറായി 28.06.2017 ന് ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. ടി തുകയുടെ ചെലവ് വൗച്ചർ പരിശോധിച്ചതിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വാർഡുകളിലെ വീടുകളിൽ കൊതുക് കൂത്താടി നശീകരണം, കിണറുകളിൽ ക്ലോറിനേഷൻ എന്നീ പ്രവൃത്തികൾ നടത്തിയതായി കാണുന്നു. ഇതിനായി യഥാക്രമം 20162, 3650 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ എവിടെയെല്ലാം നടന്നു എന്നുറപ്പാക്കുന്ന രേഖകൾ (സബ് വൗച്ചറുകൾ) സൂക്ഷിക്കുന്നില്ല. ഉറവിട നശീകരണം നടത്തിയ വീടുകളുടെ ലിസ്റ്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടന്നു എന്നു വാർഡ് ഹെൽത്ത് കൺവീനർ ഉറപ്പാക്കേണ്ടതുമാണ്.

## 3-33 കുടിവെള്ളം, മാലിന്യ സംസ്കരണം - വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഹാജരാക്കിയില്ല.

വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല. ആയതു കൊണ്ടു തന്നെ ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-34 അധിക ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നു

ഗ്രാമപഞ്ചായത്ത് 354 പൊതു ടാപ്പുകൾക്കായി നിലവിൽ പ്രതിമാസം 154438 രൂപ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ രജിസ്റ്റർ പ്രകാരവും കേരള വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറുടെ എ5-2633/06 തീയതി 06.07.12 കത്ത് പ്രകാരവും ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി നടത്തിയിട്ടുള്ള സംയുക്ത പരിശോധന പ്രകാരവും 311 പൊതു ടാപ്പുകളേ പഞ്ചായത്തിലുള്ളൂ. അധിക ടാപ്പുകൾക്ക് തുക അടവാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്തിൽ അധികം ടാപ്പുകളുള്ളതിനാലാണ് തുക അടവാക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. കൂട്ടിചേർത്തതോ ഒഴിവാക്കിയതുമായ പൊതു ടാപ്പുകളുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ കാലികമാക്കി ടാപ്പുകളുടെ എണ്ണം കൃത്യമായി നിജപ്പെടുത്തി തുക അടവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-35 കുടിവെള്ള കണക്ഷൻ- പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

എ) അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം. 129/18 പ്രകാരം എട്ട് അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിനായി പി.എച്ച് ഡിവിഷൻ ഇരിങ്ങാലക്കുട എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റനുസരിച്ച് 140000രൂപ നൽകിയിട്ടുണ്ട്. (ബിൽ നം. 7/17-18രൂപ 100000 തിയതി.27.2.18,തനത് ഫണ്ട്.ചെക്ക് നം.6925645രൂപ 40000 തിയതി.13.3.18)എന്നാൽ പ്രവൃത്തി നടത്തിയതിന്റെ വിവരം, വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവ നാളിതു വരെ ലഭിച്ചിട്ടില്ല. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ബി) അയിരൂർ കോളനിക്ക് കുടിവെള്ള കണക്ഷൻ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തുന്നതിന് രൂപീകരിച്ച പ്രോജക്ട് നം. 201/18 അയിരൂർ കോളനിയിലേക്ക് കുടിവെള്ള കണക്ഷൻ എന്ന പദ്ധതി പ്രകാരം 50000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടില്ല.

സി) കുടിവെള്ള പദ്ധതിയുടെ പ്രോജക്ടുകൾ പൂർത്തീകരിക്കപ്പെടാതെ ഇനിയും അവശേഷിക്കുന്നു.

| പദ്ധതിനം./വർഷം /നിർവഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചവരുടെ എണ്ണം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 84/18വാട്ടർ കണക്ഷൻ-ജനറൽ/VEO-കുരിക്കുഴി | 600000 | 3,45,000 | 120 | 69 | 2,55,000 |
| 173/18 വാട്ടർ കണക്ഷൻ-SC/Assistant secretary. | 186000 | 132000 | 31 | 22 | 54000 |

പദ്ധതികൾ എത്രയും വേഗം പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 3-36 ഗാർഹിക മാലിന്യ സംസ്കരണത്തിനായി ബക്കറ്റ് കംപോസ്റ്റ് യൂണിറ്റ് വിതരണം. പദ്ധതി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ. കുരിക്കുഴി നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതി നം. 176/18 പ്രകാരം ബക്കറ്റ് കംപോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയിലുൾപെടുത്തി 5,08,800 രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 1000 രൂപാ നിരക്കിൽ (ഗുണഭോക്തൃവിഹിതം 100 രൂപ ഉൾപ്പെടെ) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപെട്ട 1170 പേർക്ക് കംപോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനായി SEUF (Socio Economic Unit Foundation,Thrissur.) മായി കരാറിലേർപ്പെട്ടിട്ടുണ്ട്. 6.3.17 ൽ ശുചിത്വ മിഷന്റെ അംഗീകാരം ലഭിച്ച പദ്ധതി നടത്തിപ്പിനായി 16-17 ൽ 636 പേരും, 17-18ൽ 230 പേരും ഉൾപെടെ ആകെ 866 പേർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇവർക്ക് SEUF വഴി ബക്കറ്റ് കംപോസ്റ്റ് യൂണിറ്റുകൾ നൽകിയതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. 10,42,800രൂപ വകയിരുത്തിയ പദ്ധതിയിൽ വർഷാവസാനത്തിൽ 5,34,000 രൂപ ചെലവഴിക്കാതെ

അവശേഷിച്ചതായി കാണുന്നു. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 16-17ൽ ആരംഭിച്ച പദ്ധതി പൂർത്തീകരിക്കാനാവാത്തതിനാൽ 18-19 ലും സ്പിൽ ഓവറായി തുടരുന്നതായാണ് കാണുന്നത്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിലും നിർവ്വഹണപുരോഗതി വിലയിരുത്തുന്നതിലും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

## 3-37 വിദ്യാഭ്യാസം,കല,സംസ്കാരം

സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് 2 തവണ യോഗം ചേർന്നിട്ടുണ്ട്. കല,സംസ്കാരം എന്നി വിഭാഗങ്ങളിലുൾപ്പെടുന്ന പ്രോജക്ടുകൾ സംബന്ധിച്ച പ്രോജക്ട് നിർദ്ദേശങ്ങൾ മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ നാല് സർക്കാർ എൽ.പി സ്കൂളുകൾക്ക് കളിപ്പാട്ടങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ, ബഞ്ച്, ഡസ്ക് എന്നിവ വാങ്ങുകയും, പത്താം ക്ലാസ് തുല്യതാ പദ്ധതിക്കായി സാക്ഷരതാ മിഷന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മതിലകം ബ്ലോക്ക് പഞ്ചായത്ത് | (2016-17 ബാലൻസ് | 138461 | അയിരൂർ കോളനി | 100000 | 38461 |
| ,, | 2017-18 | 500000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ,, | 2017-18 | 200000 | പെയിൻ ആന്റ് പാലിയേറ്റിവ് കെയർ | 200000 | 0 |
| ,, | 2017-18 | 250000 | അംഗൻവാടി പോഷകാഹാരം | 250000 | 0 |
| ,, | 2017-18 | 200000 | പട്ടികജാതി വിദ്യാർത്ഥികൾക്കു സൈക്കിൾ | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | 2017-18 | 300000 | പാലുത്പാദകർക്ക് സബ്സിഡി | 300000 | 0 |
| ,, | 2017-18 | 100000 | ഇടവിളകൃഷി | 0 | 100000 |
| ,, | 2017-18 | 65000 | പ്രാദേശിക ഉത്പ്പന്നങ്ങൾക്ക് വിപണന സംവിധാനം | 65000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 ബാലൻസ് | 236737 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 236737 | 0 |
| ,, | 2017-18 | 250000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ | 15/14.11.2017 | 831604 | 0 | 831604 |
| അനർട്ട് | പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ | 37/28.3.2018 38/28.3.2018 | 622500 | 0 | 622500 |
| കെ.എസ്.ഇ.ബി | പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ് മെയ്ൻ വലിക്കൽ(വാർഡ്1) | 20/23.11.2017 | 148020 | 0 | 148020 |
| കേരള വാട്ടർ അതോറിറ്റി | പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ വലിക്കൽ | 27/23.2.2018 28/23.2.2018 | 110000 | 0 | 110000 |
| പി ഡബ്ള്യു ഡി ഇലക്ട്രിക്കൽ | പഞ്ചായത്ത് ഓഫീസ് യു പി എസ് റിവയറിംഗ് | 14/14/11/2017 | 225000 | 0 | 225000 |
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടികളിലേക്ക് കുടിവെള്ള കണക്ഷൻ | 21801187/ 28.03.18 | 140000 | 0 | 140000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 6ാം വാർഡിലെ പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ | 21701183/ 27.03.18 | 45000 | 0 | 45000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് 1 | 21601112/ 31.03.18 | 518275 | 0 | 518275 |

## 4-3മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി വായ്പ തിരിച്ചടവ് | സ.ഉ(എം.എസ്) 943/2012/LSGD dt 29.3.2012 | 9555737 | 3700975 | 900000 | - | 2800975 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

## 4-8ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇത് സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇത് സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69985609 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79440523 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5268261 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 506250 | ഡോ. സിൽവൻ, വെറ്ററിനറി സർജൻ |
| 3-6 | 692008 | ശ്രീ മുഹമ്മദ് റഫീക്ക് , സെക്രട്ടറി |
| 3-7 | 622500 | ശ്രീ മുഹമ്മദ് റഫീക്ക് , സെക്രട്ടറി |
| 3-8 | 2490914 | ശ്രീ മുഹമ്മദ് റഫീക്ക് , സെക്രട്ടറി |
| | 471755 | ശ്രീമതി എം.പി. കുമാരി, സെക്രട്ടറി ഇൻ ചാർജ് |
| 3-30 | 114834 | ഡോ. ഹസീന, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-31 | 370000 | ഡോ. വിധു ഗംഗാധരൻ, മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| ആകെ | 52,68,261 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ് റഫീക്ക്, സെക്രട്ടറി | സെക്രട്ടറി, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് | കൊട്ടിക്കൽ ഹൗസ് അഴീക്കോട് ജട്ടി.പി.ഒ |
| ശ്രീമതി എം.പി. കുമാരി, അസി. സെക്രട്ടറി | അസി.സെക്രട്ടറി, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് | കോതങ്ങത്ത് ഹൗസ്, കൈപംഗലം |
| ഡോ.വിധു ഗംഗാധരൻ, മെഡിക്കൽ ഓഫീസർ, ആരോഗ്യം | മെഡിക്കൽ ഓഫീസർ | പുത്തൻവീട്ടിൽ ഹൗസ്, പി.ഒ പെരുവനം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 76-77 | എൽ.എഫ്.ടി21-922/96 /1/7/96 | | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ചേർക്കുന്ന രജിസ്റ്റർ സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 77-78 | എൽ.എഫ്.ടി11-868/80 /23/6/80 | | ” |
| 80-81 | എൽ.എഫ്.ടി11-3013/83 /13/01/84 | | |
| 83-84 | എൽ.എഫ്.ടി11-529/88 /14/09/88 | | |
| 84-85 | എൽ.എഫ്.ടി11-140/89 /30/09/88 | | |
| 85-86, 86-87 | എൽ.എഫ്.ടി11-508/91 /29/07/91 | | |
| 88-89, 89-90 | എൽ.എഫ്.ടി11-197/93 /17/11/94 | | |
| 90-91 | എൽ.എഫ്.ടി11-1672/94 /30/03/95 | | |
| 91-92, 93-94 | എൽ.എഫ്.ടി11-825/95 /31/05/96 | | |

| | | | |
|---|---|---|---|
| 94-95 | എൽ.എഫ്.ടി19-2/2001 /05.03.01/03.04.01 | | |
| 96-97 | എൽ.എഫ്.ടി19-759/98 /03/10/98 | | |
| 97-98 ചെലവ് | എൽ.എഫ്.ടി19-1011/99 /23/9/99 | | |
| 98-99 ചെലവ് | എൽ.എഫ്.ടി19-1040/00 /28/10/2000 | | |
| 99-2000,2000-01, 2001-2002 | എൽ.എഫ്.ടി12-1092/03 /2/1/04 | | |
| 95-96 ജനകീയാസൂത്രണം | എൽ.എഫ്.ടി12-1092/03 /07/01/04 | | |
| 97-98 വരവ് | എൽ.എഫ്.ടി12-1433/07 /07/01/08 | | |
| 98-99 വരവ് | എൽ.എഫ്.ടി12-1434/07 /07/01/08 | | |
| 99-2000 | എൽ.എഫ്.ടി12-1435/07 /07/01/08 | | |
| 2000-01 | എൽ.എഫ്.ടി12-1472/07 /07/01/08 | | |
| 2001-02 | എൽ.എഫ്.ടി12-648/08 /20/7/09 | | |
| 2002-03 | എൽ.എഫ്.ടി12-649/08 /20/7/09 | | |
| 2003-04 | എൽ.എഫ്.ടി12-190/09 /26/5/10 | | |
| 2004-05 | എൽ.എഫ്.ടി12-282/09 /20/08/10 | | |
| 2005-06 | എൽ.എഫ്.ടി12-1598/09 /20/1/11 | | |
| 2006-07 | എൽ.എഫ്.ടി12-1599/09 /20/01/11 | | |
| 2007-08 | എൽ.എഫ്.ടി13-1311/11 /24/11/11 | | |
| 2008-09 | എൽ.എഫ്.ടി.പി3-1312/12 /10/10/11 | | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി3-29/13 /25/03/13 | | |
| 2011-12 | എൽ.എഫ്.ടി.പി3-1404/13 /15/01/14 | | |
| 2012-13 | എൽ.എഫ്.ടി.പി3-1246/13 /15/01/14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3)79/16/28.01.16 /15.03.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)920/16/20.06.16 /12.07.16 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1939/16/22.11.16 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി3)1706/17/29.11.17 /29.12.17 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യായം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചേർത്ത പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈപ്പമംഗലം

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ